
സത്യം
അഹിംസ



ദർശനം
(ജയ് ജഗത്)
സ്ഥാപക പത്രാധിപർ : ഡി. പങ്കജാക്ഷക്കുറുപ്പ്

പുസ്തകം 43 | ലക്കം 1 | 2016 ഫെബ്രുവരി 5

# പുതുവർഷാരംഭത്തിലെ മാനുഷികധ്യാനം

2015 ഡിസംബർ 31-ന് ഇനി സ്വന്തമെന്നു പറയുവാൻ 6 മണിക്കൂറുകൾ മാത്രം. മുറ്റത്ത് ഒരു വിരിവിരിച്ച് കസേരകൾ ഇട്ട് യോഗസ്ഥലം ഒരുക്കി. സുശീലയും തങ്കമണിച്ചേച്ചിയും കൂടി മുറ്റത്തെ മാവിൻ ചുവട്ടിൽ ഒരടുപ്പു കൂട്ടി, കഞ്ഞി വെക്കാനുള്ള ഒരുക്കങ്ങൾ തുടങ്ങി. നല്ല തവിടുള്ള ഉണക്കലരിയുമായി ശാന്തിയും വന്നിട്ടുണ്ട്. കഞ്ഞികുടിക്കാനുള്ള പ്ലാവിലകൾ കുത്തി വെച്ചു. കഞ്ഞിപ്പാടത്തു നിന്നും മോഹനൻ ഉണ്ടാക്കിയ പുഴുക്കും എത്തി. മുപ്പതോളം പേർ പങ്കെടുത്ത ഒരു ചെറിയ യോഗം, ഒന്നു പരിചയപ്പെട്ടു. 2003 ജൂലൈ മാസത്തിൽ അച്ഛനെഴുതിയ ലോക പ്രശ്നങ്ങളുടെ വേരുകളിലേയ്ക്ക് എന്ന ലേഖന പരമ്പരയുടെ ഒരു ഭാഗം ഗോപകുമാർ വായിച്ചു തുടങ്ങി. പ്രധാന ഭാഗങ്ങളിൽ ഒന്ന് നിർത്തി വിശദീകരണത്തോടെ തുടർന്നു. ഏതാനും ഭാഗങ്ങൾ വായനക്കാർക്കായി സമർപ്പിക്കുന്നു.

നാം എന്തേ ഇത്ര ക്രൂരമായി പെരുമാറുന്നു? ഒരു മനുഷ്യനിൽ നിന്ന് ഒരിക്കലും പ്രതീക്ഷിക്കാനാവാത്ത കഠോര കൃത്യങ്ങൾ എന്തു കൊണ്ടുണ്ടാകുന്നു? ഒരുവൻ മറ്റൊരുവനെ അകാരണമായി വെറുക്കുന്നു? അവൻ ഒരു കുറ്റവും ചെയ്യാതെ തന്നെ അവനെ കൊന്നു കളയുന്നുവല്ലോ! പരിചയം പോലും ഇല്ലാത്തവരെ

വെട്ടിക്കൊല്ലാൻ മടിക്കാത്തവരുടെ എണ്ണം വർദ്ധിച്ചു വരുന്നു വല്ലോ! ഏറ്റവും കൂടുതൽ വേദനിപ്പിച്ചു കൊല്ലാനുള്ള ആധുനിക മാർഗ്ഗങ്ങൾ വികസിപ്പി ച്ചെടുക്കുന്ന ഗവേഷണം നടത്തുവാൻ നാം ഉത്സാഹം കാണിക്കുന്നുവല്ലോ! കൂട്ടക്കൊല നിത്യസംഭവമായി രിക്കുന്നു. അതെവിടെയും ഏതു നിമിഷവും സംഭവിക്കാമെ ന്നായിരിക്കുന്നു. വിദ്യാലയമോ, ആരാധനാ ലയമോ, വീടോ ഏതു മാകട്ടെ ഉറക്കത്തിലോ പ്രാർത്ഥനയിലോ ആയിക്കൊള്ളട്ടെ. മുറ്റത്ത് കളിച്ചുകൊണ്ടു നിൽക്കുന്ന പിഞ്ചുകുഞ്ഞു ങ്ങളെപ്പോലും വെട്ടി എറിയാൻ മടിയില്ലാതായല്ലോ മനുഷ്യന്!

ഈ പ്രകൃതം നമ്മുടെ വർഗ്ഗത്തിൽ ഇന്നോ ഇന്നലെയോ ഉണ്ടായി വന്നതാണോ, തുടക്കം മുതലേ ഉണ്ടായിരുന്നതല്ലേ? എന്താവാം ഇതിനു കാരണം? വർദ്ധിച്ചല്ലേ വരുന്നത്. പരിഹാരം ഇല്ലെന്നു വരുമോ? ലോകാവസാനം വരെ നാം ക്രൂരചിത്തരായി, കഠോര കർമ്മങ്ങൾ ചെയ്തു കൊണ്ടിരിക്കുമോ? ഭൂമിയിലെ ഏറ്റവും ഭീകരവർഗ്ഗം മനുഷ്യ നാണെന്നുവരുമോ? എല്ലാ ഭാഷക ളിലുമുള്ള ഉൽകൃഷ്ടപദങ്ങൾ അർത്ഥശൂന്യമാണെന്നു വരുമോ ? കവിതകൾ, ഗ്രന്ഥങ്ങൾ, മഹാ പുരുഷൻമാർ, ഉദാരസംഭവങ്ങൾ ഒക്കെ വ്യർത്ഥമാകുമോ ? ഇസ്രയേ ലിൽ നിന്ന് യേശു എവിടെ പ്പോയി? നേപ്പാളിൽ നിന്നുത്ഭവിച്ച കാരുണ്യവാനായ ബുദ്ധന്റെ മഹാപ്രവാഹം ലോകത്തെങ്ങും പരന്നിട്ട് വറ്റി വരണ്ടുപോയല്ലോ ! ആശയം കൊണ്ടും ജീവിതചര്യകൊണ്ടും മാത്രമല്ല; ഭരണം കൊണ്ടും സാഹോദര്യം നിലനിർത്തിയ നബിയുടെ മക്കയ്ക്ക് എന്തുപറ്റി ! ഭാരതത്തിലും പുറത്തും പ്രകാശം പരത്തിയ ഗാന്ധിജി ഏതു കാർമേഘത്താലോ മറഞ്ഞുപോയല്ലോ! ശിവഗിരിയിൽ പ്പോലും ഗുരുവിനെ കാണാനില്ലല്ലോ! മാർപ്പാപ്പാ ദു:ഖിക്കുന്നു. തങ്ങളുടെ ഭക്തജനങ്ങളെ ഓർത്ത് സായിബാബയും മാതാ അമൃതാനന്ദമയിയും വേദനപ്പെടുന്നു. എത്ര എത്ര മഹാ സംരംഭ ങ്ങൾ ഇന്നും മുന്നോട്ടു അടി വയ്ക്കാൻ ഇടം കിട്ടാതെ ശുഭ പ്രതീക്ഷ വെടിയുന്നു.

ലക്ഷോപലക്ഷം വർഷം, സൂര്യനെ ചുറ്റുന്ന ഈ ഭൂമിയിൽ ഒന്നിച്ചു ജീവിച്ചിട്ടും നീയും ഞാനും കൂടിയാണ് ഉള്ളത് എന്നു ധരിക്കുവാൻ വേണ്ട പരിശീലനം നമ്മുടെ ആദ്ധ്യാത്മികതയും

നമ്മുടെ ഭൗതികതയും നമുക്ക് തന്നില്ലല്ലോ! അങ്ങനെ പറയുന്ന തിനെക്കാൾ ശരി അനുനിമിഷം നാം ഒന്ന് എന്ന പാഠം പ്രകൃതി നമുക്ക് തന്നു കൊണ്ടിരുന്നിട്ടും നാം ആ സത്യം അറിയുന്നില്ലല്ലോ എന്നു പറയുന്ന താവും. ഒരോ പ്രഭാതവും എല്ലാവർക്കും വേണ്ടി വിടർന്നു വരുന്നു. ഓരോ കാർമേഘവും എല്ലാവർക്കും വേണ്ടി മഴ പൊഴിക്കുന്നു. ഓരോ മുല്ലയും എല്ലാവർക്കും വേണ്ടി വിടർന്ന് സുഗന്ധം പരത്തുന്നു. സകല ജീവജാലങ്ങളും ഈ ആനന്ദം അനുഭവിക്കുന്നു. എന്റെ മിത്രങ്ങളേ: നമുക്ക് മാത്രം ഈ ഏകാത്മ ബോധാനന്ദം നിഷേധിക്കപ്പെട്ടു പോയല്ലോ! എന്തിനീ വിദ്യാഭ്യാസം? എന്തിനീ നാമജപം? എന്തിനീ ഭരണം? നിഷ്കളങ്കരായ പിഞ്ചു കുഞ്ഞുങ്ങളുടെ മുഖത്തു വിരിയുന്ന പൂപ്പുഞ്ചിരികണ്ട് അതിനെ എടുത്തുമ്മവയ്ക്കുവാൻ കഴിയാതെ, അതെന്റെ കൂട്ടത്തിൽ പെട്ടത ല്ലെന്നു കരുതി അതിന്റെ കഴുത്തു ഞെരിച്ചുകൊണ്ടു സന്തോഷി ക്കാൻ കഴിയുന്ന നമ്മുടെ വർഗ്ഗം! ഭൂമിയുടെ മൂന്നിൽരണ്ടുഭാഗവും കടലാണല്ലോ. ഇത് ഇരമ്പിക്കയറിവന്ന് കരയെ മുഴുവൻ വിഴുങ്ങി യിരുന്നെങ്കിൽ എത്ര നന്നായിരുന്നു. സകല ആരാധനാലയങ്ങളും ഭക്തജനങ്ങളും തമ്മിൽ നിരന്തരം പോരടിച്ച് ജീവിക്കുന്ന ഈ പോർക്കളം കടലിലാണ്ടു പോകുകയല്ലേ നല്ലത്? സോൺ ഓദ്വാരം വേഗം വലുതാകണമേ; ധ്രുവപ്രദേശം ഉരുകി ഹിമാലയത്തെ മുക്കേണമേ എന്നു പ്രാർത്ഥിക്കാൻ തോന്നിപ്പോകുന്നു.

നമുക്ക് എല്ലാവരോടും അപേക്ഷിക്കാം: ഭൂമിയിൽ ഉടനടി നടക്കേണ്ട സാമൂഹ്യ പ്രവർത്തനം വെൽഡിംഗ് ആണ്. നാം പരസ്പരം കണ്ണിചേർന്ന് ഒരു മാനവസമൂഹമാവാൻ തയ്യാറാകാതെ പരസ്പരം ചീറ്റുന്ന ഉഗ്രസർപ്പങ്ങളായി ഭയന്നും ഭയപ്പെടുത്തിയു മാണ് ജീവിക്കാൻ നിശ്ചയിക്കുന്നതെങ്കിൽ എന്തിനു നർമ്മദയെ രക്ഷിക്കണം? എന്തിനു തീരദേശം സംരക്ഷിക്കണം? എന്തിനു വനം സംരക്ഷിക്കണം? ആദ്യം ചെയ്യേണ്ടത് ചെയ്യാതിരുന്നതാണ് സാമൂഹ്യ പ്രവർത്തകർക്കു പറ്റിയ അബദ്ധം ഇനി എങ്കിലും നാം അതു മനസ്സിലാക്കേണ്ടേ? സകല മനസ്സുകളും പരസ്പരം വിടരണം. ഓരോരുത്തരും ചുറ്റുവട്ടത്തിൽ സുഗന്ധം പരത്തണം. മൈത്രി, ബന്ധു, സുഹൃത്ത്, കുടുംബക്കാർ എന്നീ ബോധത്തിൽ പരസ്പര പൂരകമായി, പരസ്പരാനന്ദമായി, പരസ്പരം പുണർന്ന് ജീവിക്കു വാൻ നമുക്ക് നമ്മെ പരിശീലിപ്പിക്കുക യല്ലാതെ മറ്റൊരു

പരിഹാരവും ഞാൻ കാണുന്നില്ല.

തുടർന്ന് ലേഖനത്തെപ്പറ്റി നടന്ന ചർച്ചയിൽ സർവ്വശ്രീ നകുലൻ, ഹംസാസാർ, സുരേഷ് തോട്ടപ്പള്ളി, സതീഷ് ചന്ദ്രൻ, ഡോ. പത്മകുമാർ, ഗോവിന്ദൻ, സജീവൻ മകൾ മീനാക്ഷി, ഷാജി, സുധീർ, സാംജോസ്, ഗോപാലകൃഷ്ണൻ സാർ, ചന്ദ്രൻ പുറക്കാട്, ശിവൻ അയോദ്ധ്യ, അഷറഫ് തുടങ്ങി, കുടുംബാംഗങ്ങളും പങ്കെടുത്തു. ഓരോരുത്തരായി ലേഖനത്തിന്റെ ഉൽകൃഷ്ഠത യെപ്പറ്റിയും, അച്ഛനോടൊപ്പമുള്ള പ്രവർത്തനാനുഭവങ്ങളെ പറ്റിയും സംസാരിച്ചു. സുരേഷ് സാർ ഒരു സംഭവം അനുസ്മരിച്ചു. ഒരു യോഗത്തിൽ മിശ്രവിവാഹം ശരിയോ, തെറ്റോ എന്ന വിഷയം ചർച്ചയ്ക്ക് വന്നു. തുടക്കത്തിൽ അച്ഛൻ മിശ്രവിവാഹം തെറ്റാ ണെന്നും പ്രകൃതി വിരുദ്ധമാണെന്നും ഒറ്റ വാചകത്തിൽ പറഞ്ഞ് അവസാനിപ്പിച്ചു. തുടർന്ന് അനുകൂലിച്ചും, പ്രതികൂലിച്ചും ചൂടു പിടിച്ച ചർച്ച നടന്നു. കുറുപ്പു സാറിനെപ്പോലെ നമ്മളെല്ലാം ഒന്നാ ണെന്ന് പറയുന്നവർ ഇപ്പോളെന്തു വിഡ്ഢിത്തരമാണ് പറയുന്നത് എന്നുവരെ പ്രതികരണമുണ്ടായി. അച്ഛനൊന്നും മിണ്ടിയില്ല. അവസാനം അച്ഛന്റെ ഊഴം വന്നപ്പോൾ മനുഷ്യർ ഒരു വർഗ്ഗമാ ണെന്ന് തിരിച്ചറിയരുതോ? സ്ത്രീപുരുഷന്മാർ ഇഷ്ടപ്പെട്ട് വിവാഹം കഴിച്ചാൽ അത് എങ്ങനെ മിശ്രവിവാഹമാകും. മറ്റൊരു വർഗ്ഗവു മായുള്ള ബന്ധം മാത്രമേ മിശ്രമാകുകയുള്ളൂ. അതോടെ ചിരിക്കു ടുക്ക പൊട്ടി.

മുറ്റത്ത് കുറേശ്ശേ തണുപ്പുണ്ട്. തുടർന്ന് ഒരു ചൂടുപിടിച്ച വിഷയം ചർച്ചയ്ക്കെടുത്തു. ആരാണ് നമ്മുടെ മുഖ്യ ശത്രു? നമുക്കെങ്ങിനെ അവനിൽ നിന്നും സ്വാതന്ത്ര്യം നേടാം. ദർശനം അവലംബിച്ചു കൊണ്ടു തന്നെ പലരും ഉത്തരങ്ങൾ കണ്ടെത്തി. മനുഷ്യമനസ്സിൽ ആളിപ്പടരുന്ന വൈരാഗ്യാഗ്നി തന്നെ നമ്മുടെ മുഖ്യ ശത്രു. ആ അഗ്നിയെ സ്നേഹത്തിന്റെ കുളിരുറവയാക്കുന്നതാണ് വിപ്ലവ പ്രവർത്തനം. വ്യക്തിക്കും, സമൂഹത്തിനുമുള്ള രക്ഷാ മാർഗ്ഗമതാണ്. സാഹചര്യങ്ങൾ കൊണ്ട് ഒരാളോട് ചിലപ്പോൾ അട ങ്ങാത്ത പക തോന്നാം, എങ്കിലും വിവേകമാകുന്ന ചൂട്ടുകത്തിച്ച് പകയെ മനസ്സിലിട്ടു തന്നെ ചുട്ടു കളയുന്നതാണ് പരസ്പരാനന്ദ ത്തിലേയ്ക്കുള്ള മാർഗ്ഗം. ശ്രദ്ധിക്കൂ നമ്മുടെ മനസ്സിൽ ഏതെങ്കിലും ഒരു ദുർവിചാരം ഉയർന്നു വന്നാൽ അപ്പോൾ മുതൽ നാം ആ

വികാരത്തിന്റെ അടിമയായിരിക്കും. അത് നമ്മെ തെറ്റായ വഴിയിലൂടെ തന്നെ നയിക്കും. നാമത് തിരിച്ചറിയുകയില്ല. കരുണയും, സ്നേഹവും കൊണ്ടു മാത്രമേ ഈ വികാരങ്ങളെ നേരിടാനാവൂ. ഭരണാധികാരികളിൽ നിന്നുള്ള സ്വാതന്ത്ര്യത്തേക്കാൾ ഒരു മനുഷ്യന് പ്രാധാന്യമുള്ളത് സ്വന്തം ദുർവികാരങ്ങളിൽ നിന്നുള്ള സ്വാതന്ത്ര്യമാണ്.

പുതുവർഷാരംഭമല്ലേ മനസ്സിനെ നന്നായി ഒന്നു പരിപാലിക്കൂ. കഴിഞ്ഞതെല്ലാം കഴിഞ്ഞു. ശിഷ്ടകാലം ശത്രുത വെടിഞ്ഞ് പരസ്പരാനന്ദമായി നമുക്ക് ജീവിക്കാം എന്ന് ഓരോരുത്തരും മനസ്സിൽ ഉറപ്പിക്കുക. മനോവിളക്ക് തേച്ചു മിനുക്കി സ്നേഹം നിറച്ച് മൈത്രീദീപം തെളിക്കുക. ഒരു സാഹചര്യത്തിലും ഈ മനോവിളക്ക് കെടുത്തരുത്. ക്ഷമ കൈവെടിയരുത്.

ഒരു കൊച്ചു കഥ പറയാം. ഗ്രാമീണരുടെ ഇടയിൽ പണ്ഡിതമാനിയായ ഒരാൾ ക്ഷോഭത്തെ എങ്ങിനെ നേരിടാം എന്ന വിഷയത്തിൽ ക്ലാസ്സെടുക്കുകയാണ്. ഒരു സാഹചര്യത്തിലും ക്ഷമ കൈവെടിയരുത് എപ്പോഴും സത്യം പറയണം എന്നെല്ലാം വിശദമായി പഠിപ്പിച്ചു കൊണ്ടിരുന്നു. അപ്പോൾ ഒരാൾ എണീറ്റ് ദൂരെ നിന്നും വരികയാണ് അല്പം തീ തരാമോ എന്ന് ചോദിച്ചു. ഇവിടെ തീയൊന്നുമില്ല, അവിടെയിരുന്ന് പറയുന്നത് കേൾക്കൂ എന്ന് പണ്ഡിതൻ നിർദ്ദേശിച്ചു. അല്പം കഴിഞ്ഞ് അയാൾ വീണ്ടും എണീറ്റ് തനിക്ക് തീ അത്യാവശ്യമാണെന്നും അത് തന്ന് സഹായിക്കണമെന്നും അപേക്ഷിച്ചു. മിണ്ടിപ്പോകരുത് അവിടെ ഇരുന്ന് ക്ലാസ്സ് കേൾക്കൂ എന്നായി പണ്ഡിതൻ. അല്പം കഴിഞ്ഞ് അയാൾ വീണ്ടും എണീറ്റു. ഇവിടെ നല്ല പുകയുണ്ടല്ലോ എന്തായാലും തീ കാണും അങ്ങ് വിചാരിച്ചാൽ അത് തരാൻ പറ്റും. എവിടെയാണ് തീയുള്ളത് എന്ന് ചോദിച്ചു. ഇതോടെ പണ്ഡിതന്റെ ക്ഷമ നശിച്ചു. വേദിയിൽ നിന്നും കലിതുള്ളി ഇറങ്ങി വന്ന് ചോദ്യകർത്താവിന് ഇന്നാ തീ എന്നു പറഞ്ഞ് ഒരടി വെച്ചു കൊടുത്തു. അയാൾ പൊട്ടിച്ചിരിച്ചു കൊണ്ട് തുള്ളിച്ചാടി. കണ്ടുപിടിച്ചേ, കണ്ടുപിടിച്ചേ എന്നു പറഞ്ഞു, എന്തോന്നു കണ്ടുപിടിച്ചു എന്ന നാട്ടാരുടെ ചോദ്യത്തിന് പണ്ഡിതനെ ചൂണ്ടി അയാൾ പറഞ്ഞു കണ്ടില്ലേ കലിതുള്ളി നിന്നു കത്തുന്നത്. ഉള്ളിൽ തീയാണ്. ഇതാണ് ഞാൻ ആദ്യം മുതലേ

ചോദിക്കുന്നത് അപ്പോൾ തീ ഇല്ലാ ഇല്ലായെന്നു പറഞ്ഞു. അടുത്താരും ചെല്ലരുത്. ഭയങ്കര ചൂടാണ്. പണ്ഡിതനാണെന്ന് അഹങ്കരിച്ചയാളുടെ പതനത്തെക്കുറിച്ച് പിന്നെ പറയേണ്ടതില്ലല്ലോ. അഹങ്കാരം താഴെവീണുടഞ്ഞു. നമ്മുടേതോ? ഇപ്പോഴാണെങ്കിൽ ഉള്ളിലെ കോപം ആരും കാണുകയില്ല. തന്നത്താൻ കെടുത്തി കളയുക. (ഇതെഴുതുമ്പോൾ കടലാസ്സിൽ എന്റെ മുഖം തെളിഞ്ഞു നിൽക്കുന്നു). മകൾ കൃഷ്ണ വന്ന് കഞ്ഞി കുടിക്കാറായോ എന്നു ചോദിച്ചു. ഓ റെഡി, അമ്മമാരൊക്കെ ചേർന്ന് കഞ്ഞിയും പുഴുക്കും വിളമ്പി. തിരക്കൊന്നുമില്ല സാവധാനം പയറും, കപ്പയും, കാച്ചിലും ചേമ്പും ചേർത്ത പുഴുക്ക് കഴിച്ചു. അഷറഫിന്റെ ഭാര്യ ലൈല നെല്ലിക്കയും, ഇരുമ്പൻ പുളിയും അച്ചാറിട്ടു കൊണ്ടു വന്നിട്ടുണ്ട്. കഞ്ഞിക്കത് നല്ല കൂട്ടായി. തവിടൊട്ടും കളയാത്ത ഉണക്കലരിക്കഞ്ഞിയാണ്. ഇതിനൊരു സവിശേഷതയുണ്ട്. ഉണക്ക ലരി നെല്ല് പച്ചയ്ക്ക് കുത്തുന്നതാണ്. നെല്ല് പുഴുങ്ങാത്തതിനാൽ അരിയുടെ ജീവമൂല്യം നിലനിൽക്കുന്നു, പ്രതിരോധ ശേഷി തരുന്നു. തവിടില്ലാത്ത ധാന്യം കഴിക്കുന്നതാണ് ഇത്രമാത്രം രോഗങ്ങൾ ഉണ്ടാകാൻ കാരണം. വിശേഷിച്ചും പ്രമേഹം. പച്ചമരുന്നു കടകളിൽ നിന്നോ പ്രകൃതി ചികിത്സാലയങ്ങളിൽ നിന്നോ ഉണക്കലരി വാങ്ങി ഉപയോഗിക്കൂ. പ്രമേഹമുൾപ്പെടെ രോഗങ്ങളെ തടയാം. ആരോഗ്യ ത്തിന് പാശ്ചാത്യ ആധുനിക വൈദ്യശാസ്ത്ര വിദഗ്ധരുടെ അഭിപ്രായത്തിലും ഉത്തമം ആചാര്യന്മാരുടെ മാർഗ്ഗനിർദ്ദേശങ്ങളാ യിരിക്കും. അത്യാവശ്യ ചികിത്സയ്ക്ക് ഡോക്ടറെ കണ്ടാൽ പോരേ? എല്ലാവരും തൃപ്തിയായി കഞ്ഞി കുടിച്ചോ? നമുക്കിനി ധ്യാനത്തി നായി കടപ്പുറത്തേയ്ക്ക് നടക്കാം. ലത മകൾ ശ്രീലയുടെ പ്രസവ ത്തിനായി ദുബായിൽ പോയിരിക്കുകയാണ്, പ്രസവിച്ചു. പങ്കജാക്ഷ ക്കുറുപ്പുസാറിന്റെ ഇളയ കണ്ണി, സാത്വിക. ഗുണം പേരിൽ കൊടു ത്തിട്ടുണ്ട്, ജീവിതത്തിലും അതുണ്ടാവട്ടെ.

രാത്രി 10 മണി, നല്ല മഞ്ഞ്. കടപ്പുറത്തേയ്ക്ക് നടന്നു. പുതുവർ ഷാഘോഷങ്ങൾ അങ്ങിങ്ങ് കേൾക്കാം. മണ്ണിലൂടെ നടക്കുന്നത് ജൈവപരമായി ഒരു പാദരക്ഷയാണ്. അതിനാൽ ചെരുപ്പുകൾ ഊരി കയ്യിലെടുത്തു. മണ്ണ് മഞ്ഞു വീണ് തണുത്തിരുന്നു. നടന്നപ്പോൾ കാൽവെള്ളയ്ക്ക് നല്ല തണുപ്പ്. സതീഷ് ചന്ദ്രൻ പറഞ്ഞു ഗ്ലൂക്കോസ് വാരി വായിലിട്ടതുപോലെ. ശരിയാണ് രണ്ടും ഊർജ്ജദായകം

തന്നെ. ഞങ്ങൾ കടപ്പുറത്ത് വട്ടമിട്ട് ഇരുന്നു. അയൽ വീടുകളിൽ വിളക്കുണ്ട്. ഇന്ന് ധ്യാനത്തിന് വരുമെന്ന് അവർക്കറിയാം. പലരും വന്ന് കുശലം പറഞ്ഞു. ദർശനം പുതുവർഷക്കലണ്ടർ അവർക്ക് നൽകി. പോയ വർഷത്തേക്കാൾ മംഗളകരമായ ഒരു നവവത്സരത്തെ സ്വപ്നം കണ്ട് ഞങ്ങൾ കടലും നോക്കി ഇരുന്നു.

വലിയ തിരയില്ല. ശാന്താകാരം ആകാശത്തു നക്ഷത്രങ്ങൾ, അവയുടെ പ്രകാശം കടലിൽ പ്രതിഫലിക്കുന്നു. ദൂരെ മീൻപിടുത്തക്കാരുടെ ബോട്ടുകളിലെ വിളക്കുകൾ കാണാം. നല്ല തണുത്ത കാറ്റ്. ലോകം നിദ്രയിൽ. ധ്യാനത്തിന് പറ്റിയ അന്തരീക്ഷം. എന്നാൽ അങ്ങിനെ വല്ലതും നമ്മുടെ മനസ്സ് അടങ്ങുമോ? കടലിൽ നോക്കി ഇരിക്കുമ്പോഴും കരയിലെ കാര്യങ്ങൾ മനസ്സിലേയ്ക്ക് തള്ളിക്കയറി വരും. കടലിലെ ഓളവും, കരയിലെ മോഹവും അടങ്ങുകയില്ല. എന്തെല്ലാം തരത്തിലുള്ള പ്രശ്നങ്ങളാണ് നമ്മെ ദിവസവും അലട്ടുന്നത്. പത്രം കണ്ടാൽ തന്നെ കണ്ണു നിറയും, ഭീകരവാദം, ബോംബ് സ്ഫോടനങ്ങൾ, വെടിയൊച്ചകൾ, കുട്ടികളുടെ കരച്ചിൽ, അവരുടെ ചേതനയറ്റ ശരീരങ്ങൾ, എവിടെയും അതിർത്തി ലംഘനങ്ങൾ. നേതാക്കന്മാരുടെ ധർമ്മച്യുതിയുടെ കറുപ്പ് നിറം, ധനം കൊണ്ട് വെളുപ്പിക്കുന്നു. നിയമങ്ങൾ അവരെടുത്തു പന്താടുന്നു. അധർമ്മത്തെ സംരക്ഷിക്കുന്ന നിയമ വ്യവസ്ഥ, മദ്യ രാക്ഷസന്റെ പൊതുജന മദ്ധ്യത്തിലുള്ള ആഹ്ലാദ നൃത്തം, പെരുകുന്ന രോഗങ്ങൾ, തകരുന്ന കുടുംബങ്ങൾ പലതിനും ഒരു പരിഹാരവുമില്ല. കുട്ടികൾ പഠിച്ചു പക്ഷേ ജോലിയില്ല, സംസ്കാരമില്ല. എല്ലാവർക്കും ടെൻഷൻ തന്നെ. പ്രശ്നപരിഹാരത്തിന് രാഷ്ട്രീയ പാർട്ടികൾ റോഡിലൂടെ വടക്കു നിന്നും തെക്കോട്ട് മത്സരിച്ച് നടക്കുന്നു. ദർശനത്തിന് എന്തു ചെയ്യാനാവും? ദർശനത്തിന് ഒന്നും ചെയ്യാനാവില്ല. നാം തന്നെയാണ് ചെയ്യേണ്ടത്. ആദ്യം ബഹളം വെയ്ക്കാതെ ഇവിടെ ഒന്നടങ്ങി ഇരിക്കുക. നിരാശപ്പെട്ട് കടലിൽ ചാടിയാൽ ഉപ്പു വെള്ളം കുടിച്ച് ചത്തു പോകും.

ഈ ഭൂമി ലക്ഷോപലക്ഷം വർഷങ്ങളായി നിലനിൽക്കുന്നു. ഒരു കാലത്ത് തിളച്ചുരുകിയ പുറന്തോട് തണുത്തുറഞ്ഞിട്ടാണ് നാമിപ്പോൾ വസിക്കുന്നത്. ഇതിനൊരു സംവിധാനമുണ്ട്. വിശ്വ ശക്തിക്ക് പരിമിതികളില്ല. നമ്മുടെ മനസ്സിന് പരിമിതികളുണ്ട്. ഈ ലോകം ഇങ്ങനെ ആയതിന്റെ കാരണം മനസ്സാകുന്ന നെറ്റിൽ

പരിശോധിക്കുക. അസൂയ, വെറുപ്പ്, വൈരാഗ്യം, മത്സരം തുടങ്ങി കുശുമ്പും, കുന്നായ്മയും കൊണ്ട് നിറഞ്ഞിരിക്കുന്ന മനസ്സ് തന്നെയാണ് ലോക പ്രശ്നങ്ങളുടെ വിളനിലം. ലോകം നന്നാവണമെങ്കിൽ നാമാണ് മാറേണ്ടത്. നാം മാറിയില്ലെങ്കിൽ ലോകവും മാറുകയില്ല. അതിനായി ദർശനത്തിന്റെ കണ്ടെത്തലുകൾ പ്രയോഗിച്ചു നോക്കൂ.

യേശുദേവൻ പറഞ്ഞതു പോലെ ആദ്യ പടി അയൽക്കാരെ തന്നെപ്പോലെ സ്നേഹിക്കുക എന്നു തന്നെയാണ്. നമ്മോട് ദൈനംദിനം ബന്ധപ്പെടുന്നവരെല്ലാം നമ്മുടെ അയൽക്കാരാണ്. തന്നെക്കുറിച്ചുമാത്രം ചിന്തിക്കുന്ന മനസ്സിനെ വികസിപ്പിച്ച് അയൽ ക്കാർക്ക് കൂടി ഇടം കൊടുക്കണം. നമ്മുടെ ജീവിതം അവർക്കും ഉപകാരപ്രദമായിരിക്കണം. മറ്റുള്ളവരെ സന്തോഷിപ്പിക്കുക എന്നുള്ളതുതന്നെ സന്തോഷം കണ്ടെത്താനുള്ള മാർഗ്ഗം. അവിടെ കുറുപ്പു സാറിന്റെ ഒരു പ്രധാനവാക്യം മറക്കരുത്. ഗുണദോഷങ്ങൾ നോക്കാതെ എല്ലാവരേയും മിത്രങ്ങളായി കാണുക. ചതി സൂക്ഷിക്കണം. അന്യന്റെ തിന്മകൾ അളന്നു തൂക്കിയിട്ട് നമുക്കൊരു പ്രയോജനവുമില്ല. മനസ്സ് രോഗഗ്രസ്തമാകുകയും ചെയ്യും. മറ്റുള്ളവരുടെ നന്മ കാണാൻ ശീലിക്കുക. അവസരങ്ങൾ ഉണ്ടാവു മ്പോൾ സേവനം ചെയ്യാൻ മടിക്കരുത്. ഇതാണ് ദർശനം ആവിഷ്ക്കരിക്കുന്ന പരസ്പരാനന്ദ ജീവിതം. നിത്യേന പ്രഭാതത്തിൽ മാനുഷികധ്യാനം ചെയ്ത് നമ്മുടെ താന്തോന്നിയായ മനസ്സിനെ അടക്കി വികസിപ്പിച്ച് വീടും, നാടും കടന്ന് ആഗോള തലവും പിന്നിട്ട് പ്രപഞ്ച ധ്യാനത്തിൽ ലയിപ്പിച്ച് അൽപ്പസമയം നിർത്തുക. തിരിച്ച് വരുമ്പോൾ കുറച്ചു വിവേകബുദ്ധി കൂടി കിട്ടും. അതിന്റെ ഒരു കുറവാണ് ഇന്ന് നമ്മുടെ ജീവിതത്തിൽ ഉള്ളത്. സേവന പ്രക്രിയയിലൂടെയാണ് ഈ ലോകം നിലനിൽക്കുന്നത്. ഇവിടെ മനുഷ്യൻ മാത്രമാണ് സർവ്വരംഗങ്ങളിലും ചൂഷണം നടത്തി ഭൂമിയെയും, ജീവജാലങ്ങളെയും നശിപ്പിക്കുന്നത്. ഈ ജീവശൃഖല യിലെ ഒരു കണ്ണി മാത്രമായ മനുഷ്യൻ ഈ ഭൂമിയും ജീവജാല ങ്ങളും തമ്മിൽ നിലനിൽക്കുന്ന പ്രപഞ്ച താളത്തിൽ ലയിച്ചു ചേരുവാൻ ഈ പുതുവർഷരംഭം മുതൽ ഇടവരട്ടെ.

തത്വങ്ങൾ കുറച്ചു കേട്ടല്ലോ, ഇതാ നമ്മുടെ ശിവൻ അയോദ്ധ്യ-

യുദ്ധമില്ലാത്ത ഇടം. അയ്യപ്പപണിക്കരു സാറിന്റെ കാടെവിടെ കൂടെവിടെ എന്ന കവിത ആലപിക്കുന്നു. ഭൂമിക്കാരന്റെ ചിന്തകൾ തന്നെയാണ് ഈ കവിഭാവനയിലൂടെ വെളിപ്പെട്ടിരിക്കുന്നത്. ശിവൻ ഭാവഹാവാദികളോടെ ഈ പാതിരാത്രിയ്ക്ക് അത് ആലപിച്ചപ്പോൾ ആശയങ്ങൾ മനസ്സിന്റെ അടിത്തട്ടിലേയ്ക്ക് പ്രവേശിച്ചു. ഞങ്ങൾ കവിതയിൽ ലയിച്ചിരുന്നു. ഇപ്പോൾ സമയം 11.50 മാനുഷിക ധ്യാനത്തിനു നേരമായി ഗോപാലകൃഷ്ണൻ സാർ മനോവിളക്കു തേച്ചു വെച്ചു. ചെറിയ ചെറിയ പദാവലികളിലൂടെ ധ്യാനത്തിന്റെ എല്ലാ തലങ്ങളും വിശദീകരിച്ചു. യുദ്ധക്കളമായി മാറിക്കൊണ്ടിരിക്കുന്ന നമ്മുടെ സുന്ദരമായ ഭൂമിയിൽ ശാന്തിയുടെ പതാക ഉയർന്നു വരേണമേ, നമ്മുടെ കുട്ടികൾക്ക് ഈ ഭൂമിയിൽ സന്തോഷമായി ജീവിക്കുവാൻ ഇട വരേണമേ, മനുഷ്യർ പരസ്പരം വേണ്ടപ്പെട്ടരാണെന്ന ബോധപ്രകാശം ഭൂമിയിലാകെ നിറഞ്ഞു വരേണമേ എന്ന പ്രാർത്ഥനയോടെ ധ്യാനം ഇതാ അനന്തതയിൽ ലയിപ്പിക്കുന്നു. പുതുവർഷാരംഭമായി ചിന്തകൾ നന്മകൾ കൊണ്ട് നിറഞ്ഞു. ഇനി നല്ല മധുരമാകാം. സഞ്ചി തുറന്നു അതിൽ ദർശനവും, കലണ്ടറും മാത്രമല്ല നല്ല ഉണ്ണിയപ്പവും ഉണ്ട്. കടപ്പുറത്ത് കൂടിയ മറ്റ് പുതുവർഷാരംഭകർക്കും നൽകി. കടലമ്മയെ നമിച്ച് ഞങ്ങൾ തിരിച്ച് നടന്നു. ഈ ലോകം ഒരു കണ്ണാടി പോലെയാണ്. നാം ലോകത്തെ നോക്കി പുഞ്ചിരിച്ചാൽ ലോകവും പുഞ്ചിരിക്കും. ജയ് ജഗത്.

---

# "പുതിയ ലോകം പുതിയ വഴി" ഒരു അനുചിന്തനം

**(ഭാഗം 16)**

*(ദർശനത്തിന്റെ ബൈബിളായ പുതിയ ലോകം പുതിയ വഴിയിലൂടെ ശ്രീ. ജോർജ്ജ് മൂലേച്ചാലിന്റെ കൈപിടിച്ച് ഒരു പഠനയാത്ര തുടരുന്നു, കൂടെ പോന്നോളൂ)*

## മാഞ്ഞുപോകുന്ന രാഷ്ട്രാതിർത്തികൾ, നാണയവ്യവസ്ഥ

മനുഷ്യന്റെ കുടുംബബോധം 'ഒരു വയർ അല്ലെങ്കിൽ മൂന്നു വയർ' എന്ന നിലയിൽനിന്ന്, സ്വകാര്യമാത്രപരതയുടെ സ്വയംനിർമ്മിതപരിമിതിയിൽനിന്ന്, വികാസംപ്രാപിക്കുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു, പുതിയ മനുഷ്യന്റെയും പുതിയ ലോകത്തിന്റെയും ഉദയം. എല്ലാ മനുഷ്യരുടെയും ഒരേയൊരു വീട് ഈ ഭൂമിയാണെന്നും

ആ നിലയിൽ പാരസ്പര്യത്തോടെ ജീവിക്കേണ്ട കുടുംബാംഗങ്ങളാണെല്ലാവരുമെന്നുമുള്ള സത്യബോധത്തിലേക്കു വരാൻ മനുഷ്യൻ തയ്യാറാകുന്നതോടെ, നേരം ഇരുണ്ടുവെളുത്താലെന്നതുപോലുള്ള വ്യത്യാസങ്ങളാകും മനുഷ്യന്റെ ജീവിതവീക്ഷണങ്ങളിലും ലോകസാഹചര്യങ്ങളിലും ഉണ്ടായിവരുക. അസൂയ, സ്വയം ഉയരാനുള്ള വെമ്പൽ, കോപം, മാത്സര്യം, വിഭാഗീയത, ഭയം മുതലായ നിഷേധവികാരങ്ങൾക്കുപകരം, സ്നേഹം, ക്ഷമ, ആർദ്രത, സൗമ്യത, സത്യസന്ധത, നിർഭയത്വം, ശുഭാപ്തിവിശ്വാസം, സന്തോഷഭാവം മുതലായ പോസിറ്റീവ് ഗുണങ്ങളാൽ മനുഷ്യമനസ് അലംകൃതമാകുകയാണ്. മാത്സര്യത്തിലധിഷ്ഠിതമായിരുന്ന ഒരു ലോകം സഹവർത്തിത്വത്തിലധിഷ്ഠിതമായ ഒന്നായി മാറുകയാണ്. ഊഷ്മളവും ദൃഢവുമായ മനുഷ്യബന്ധങ്ങൾ പുതിയസമൂഹത്തിന് ഊടും പാവുമായിത്തീരുന്നു. അത് പരമാവധി സ്വയംനിർണ്ണയശേഷിയുള്ള അയൽപക്കസമൂഹങ്ങളായും, തുടർന്ന് ഗ്രാമ-പഞ്ചായത്ത്-ജില്ലാ-സംസ്ഥാന-ദേശീയസമൂഹങ്ങളായും, ക്രമേണ ലോകസമൂഹമായും അവയുടെ അതാതു തലങ്ങളിലുള്ള സാംസ്ക്കാരികത്തനിമകളും വ്യക്തിത്വസവിശേഷതകളും നിലനിർത്തിക്കൊണ്ടുതന്നെ, ഇഴചേർന്ന് പുതിയൊരു ലോകമായി ഭവിക്കുന്നു.

മനുഷ്യന്റെ സാമൂഹികബോധത്തിന് ഇത്തരത്തിൽ ഒരു വികാസം അസാദ്ധ്യമാണെന്നു കരുതുന്നവരുണ്ടാകാം. എന്നാൽ, മനുഷ്യൻ അടിസ്ഥാനപരമായി ഒരു സാമൂഹികജീവിയാണെന്ന വസ്തുതയിൽ ഊന്നി ചിന്തിക്കുന്നപക്ഷം, സാമൂഹികതയുടെ ഏത് ഉന്നതതലങ്ങളിലേക്കും ഉയരാനാവശ്യമായ മഹത്വത്തിന്റെ വിത്തുകൾ അവനിൽ അന്തർലീനമായുണ്ടെന്നു കാണാനാകും. തനിക്കു താൻ മാത്രമേ ഉള്ളൂ എന്ന ഇന്നത്തെ ഇരുണ്ട സാമൂഹികസാഹചര്യത്തിൽ വേണ്ടത്ര വെളിച്ചം കിട്ടാതെ അവയെല്ലാം നിദ്രാവസ്ഥയിലാണെന്നേയുള്ളൂ. ഈ പ്രതികൂലസാഹചര്യത്തിലും, എല്ലാവരെയും സ്വന്തമെന്നു കരുതുന്ന മഹത്തുക്കൾ ജന്മംകൊള്ളുന്നുവെങ്കിൽ, അനുകൂലസാഹചര്യത്തിൽ എത്രയോ അധികംപേർ സ്വാർത്ഥതയെന്ന പ്രാഥമിക മനുഷ്യപ്രകൃതിയെ മറികടന്ന് സംസ്കൃതി എന്ന സാമൂഹികതയിലേക്ക് ഉയരാതിരിക്കില്ല! സ്വന്തം ജീവിതസുരക്ഷയ്ക്കും അഭിവൃദ്ധിക്കുംവേണ്ടി ചുറ്റുമുള്ളവരെല്ലാമുണ്ട് എന്ന് അനുഭവപ്പെട്ടുതുടങ്ങുമ്പോൾത്തന്നെ, സ്വാർത്ഥഭാവം

കൂടുതലുള്ളവർപോലും ഈ സാമൂഹികതയുടെ ചാലിൽ വരാനാണു സാധ്യത. ഇങ്ങനെയൊരു സാധ്യതയെയെങ്കിലും അംഗീകരിക്കാതെ, പങ്കജാക്ഷൻ സാർ വിരചിക്കുന്ന രാജ്യാതിർത്തികൾപോലുമില്ലാത്ത നവലോകചിത്രത്തെ അതിന്റെ തെളിമയോടെ കാണാൻ ആർക്കുമാവില്ല.

'പുതിയ ലോകത്തിൽ ജോലിക്കു പ്രതിഫലം ഏതുതരത്തിലായിരിക്കും' എന്ന ചോദ്യത്തെത്തുടർന്നുടനെ ഈ ചർച്ചയിൽ ഉന്നയിക്കപ്പെടുന്ന ചോദ്യം, 'മറ്റു രാഷ്ട്രങ്ങളുമായുള്ള വിനിമയബന്ധം എങ്ങനെ ആയിരിക്കും?' എന്നതാണ്. പ്രാദേശികതലവും ദേശീയതലവും എല്ലാംവിട്ട്, നേരേ ആഗോളതലത്തിലേക്ക് ചിന്തയെ ഇപ്രകാരം പൊടുന്നനെ കൊണ്ടുവന്നതിനുപിന്നിൽ, തുടർന്നു താൻ പറയാൻപോകുന്ന കാര്യങ്ങൾക്കെല്ലാം പശ്ചാത്തലമായി പുതിയ ലോകത്തിന്റെ ഒരു ബാഹ്യരൂപരേഖ (outline) വായനക്കാരുടെ മനസ്സിൽ കോറിയിടേണ്ടതുണ്ട് എന്ന പങ്കജാക്ഷൻസാറിന്റെ ബോധപൂർവ്വമായ ആലോചനയുണ്ടെന്ന് ഈ ലേഖകൻ കരുതുന്നു. അതുകൊണ്ടുതന്നെയാണ്, സാധ്യമായേക്കാവുന്ന ഒരു പുതിയ മനുഷ്യന്റെയും പുതിയ ലോകത്തിന്റെയും ഒരു ലഘുചിത്രണം ആമുഖമായി നടത്താൻ ഈ സന്ദർഭത്തിൽ ഈ ലേഖകനും തുനിഞ്ഞത്. "പുതിയ ലോകത്തിൽ രാഷ്ട്രാതിർത്തികൾ ഉണ്ടാവില്ലല്ലോ. ദേശീയബോധം നഷ്ടപ്പെടുമെന്നു പറയുന്നില്ല. എന്നാൽ ദേശീയാതിർത്തികൾ ജീവിതത്തെ ഒട്ടും ബാധിക്കുകയില്ല. ഭൂമിയുടെ ഏതു കോണിലും ഏതൊരു വ്യക്തിയും വസ്തുക്കൾ ഉല്പാദിപ്പിക്കുന്നത് ഭൂമിയിലുള്ള എല്ലാവർക്കുംവേണ്ടി ആയിരിക്കും" (ആദ്യപതിപ്പ്: പേജ്-60; 2-ാം പതിപ്പ്: 48-49) എന്നുമാത്രമാണ്, മറ്റു രാഷ്ട്രങ്ങൾ തമ്മിലുള്ള വിനിമയബന്ധത്തെപ്പറ്റിയുള്ള ചോദ്യത്തിനുത്തരമായി പങ്കജാക്ഷൻസാർ നൽകുന്നത് എന്നോർക്കുക. നവലോകചിത്രത്തിന് ഒരു 'ഔട്ട്ലൈനി'ടാൻ മാത്രമേ ഇവിടെ അദ്ദേഹം ഉദ്ദേശിച്ചിട്ടുള്ളൂ; നിറങ്ങളെല്ലാം അതിനുള്ളിൽ പിന്നീടു വന്നു നിറഞ്ഞുകൊള്ളും.

ഇതേത്തുടർന്നാണ്, 'തൊഴിൽ', 'പ്രതിഫലം' എന്നിവയെക്കുറിച്ചുള്ള മുൻചർച്ചാവിഷയങ്ങൾക്കു തുടർച്ചയുണ്ടാകുന്നത്. ആവശ്യബോധമായിരിക്കും, അല്ലാതെ പ്രതിഫലചിന്തയാവില്ല

പുതിയ സമൂഹത്തിൽ തൊഴിൽ ചെയ്യാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നത് എന്നു പറഞ്ഞുവച്ചതിന്റെ തുടർച്ചയായി, 'നാണയം തീരെ വേണ്ടെന്നുവയ്ക്കാനാകുമോ?' എന്ന ചോദ്യമുയരുകയാണ്. അദ്ദേഹം പറയുന്നു:

"ആവും. ജോലിക്കു കൂലി അടിമത്തമല്ലേ? ആലോചിക്കുന്തോറും എനിക്കങ്ങനെയാണു തോന്നുന്നത്. ഒരാൾ നിർദ്ദേശിക്കുന്ന ജോലി മറ്റൊരാൾ ചെയ്യുക, അതിനുള്ള കൂലി വാങ്ങുക. എന്തിന്? ഉപജീവനത്തിന്. ഒരാളിന്റെ കൈവശമിരിക്കുന്ന പണം എന്റെ കൈയിൽ വന്നാലേ മറ്റൊരാളിന്റെ കൈവശത്തിലുള്ള സാധനം എനിക്കു കിട്ടൂ എന്നു വരുന്നതിനർത്ഥം, പരസ്പരം ആർക്കും ആരെയും വേണ്ട എന്നല്ലേ? ഒരാൾ ജീവിക്കേണ്ടതു മറ്റൊരാളുടെ ആവശ്യമല്ലെന്നുവരുന്നതാണിതിനു കാരണം. ഒരു വ്യക്തിയെ എനിക്കു ബന്ധുവായി കിട്ടുന്നതിനേക്കാൾ വിലപ്പെട്ടതാണു പണം കിട്ടുന്നത് എന്നു വരുന്നത് എത്ര ലജ്ജാവഹമാണ്! മനുഷ്യനാണ് ഏറ്റവും വിലപ്പെട്ടത് എന്നു വരുമ്പോൾ നാണയം വേണ്ടാതായിക്കൊള്ളും. ഇപ്പോൾ നാണയത്തെ എതിർത്തു ബഹളമുണ്ടാക്കിയിട്ടു കാര്യമില്ല" (ആദ്യപതിപ്പ്: പേജ്-60-61, രണ്ടാംപതിപ്പ്: പേജ്-49).

രാഷ്ട്രാതിർത്തികളെന്നപോലെതന്നെ, ചരിത്രാതീതകാലം മുതൽ ലോകമെമ്പാടുമുള്ള മനുഷ്യരുടെ മനസ്സുകളിൽ ഒരു മുൻകൂർസത്യമെന്നവിധം ചോദ്യം ചെയ്യപ്പെടാതെ കിടക്കുന്ന നാണയവ്യവസ്ഥയ്ക്കും മാനുഷികതയിൽ അടിത്തറയിട്ട ഒരു ലോകത്തിൽ അസ്തിത്വമുണ്ടാവില്ല എന്ന് എത്ര ലളിതമായാണ് പങ്കജാക്ഷൻസാർ ഇവിടെ ബോധ്യപ്പെടുത്തിത്തരുന്നത്! 'ജോലിക്കു കൂലി അടിമത്തമല്ലേ?' എന്ന ആദ്യചോദ്യംതന്നെ, മനുഷ്യന്റെ തെറ്റായ പ്രതിഫലചിന്തയിൽ മുളപ്പിച്ചെടുത്തതും മനുഷ്യന്റെ അന്തസ്സിനു ചേരാത്തതുമായ ഒരു കൃത്രിമസംവിധാനമാണ് നാണയവ്യവസ്ഥ എന്ന ഉൾക്കാഴ്ച മനുഷ്യരിൽ ഉദിപ്പിക്കുന്നു. മഹത്വത്തിലേക്കുയർന്ന് എത്രയോ മൂല്യവത്താകാൻ സാധ്യതയുള്ള, അനവധി തലങ്ങളും മാനങ്ങളുമുള്ള മനുഷ്യന്റെ സമഗ്രജീവിതത്തിനുമേൽ, ജന്തുതലം മാത്രമുള്ള വയറ്റിപ്പിഴപ്പ് എന്ന ഉപജീവനലക്ഷ്യത്തെ പ്രതിഷ്ഠിക്കുകയെന്നാൽ, അത് അടിമത്തത്തിനുമപ്പുറം സത്താപരമായ ആത്മഹത്യതന്നെയാണെന്ന്, ഉള്ളുതുറന്നാലോചിച്ചാൽ ആർക്കും മനസ്സിലാകും.

രാഷ്ട്രാതിർത്തിയുടെ മതിൽക്കെട്ടുകളുയർത്തിയും, അപരന്റെയും തന്റെതന്നെയും ജീവിതത്തെ നിഷേധിക്കുന്ന നാണയ വ്യവസ്ഥയെ ശക്തിപ്പെടുത്തിയും ലോകം ഭ്രാന്തമായി മുന്നോട്ടു കുതിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ, അതിനെ എതിർത്തു ബഹളമുണ്ടാക്കിയിട്ടു കാര്യമില്ല എന്ന ഉപദേശം എത്രയോ പക്വവും യുക്തിഭദ്രവുമാണെന്നോർത്തു നോക്കുക. മനുഷ്യരുടെ അകൽച്ച കൊണ്ടുണ്ടായ അതിർത്തികളും നാണയവും എത്ര അപരിഷ്കൃതവും അശാസ്ത്രീയവുമെന്ന് അറിയാമെങ്കിലും, ബാഹ്യമായ ഒരിടപെടൽകൊണ്ടും അതില്ലാതാവില്ല. ഇല്ലാതാകണമെങ്കിൽ മനുഷ്യർ അടുപ്പമുള്ളവരാകുകതന്നെ വേണം. അതിന്, എല്ലാവരെയും ഉൾക്കൊള്ളാനും മനുഷ്യരെത്തമ്മിൽ അടുപ്പിച്ചുകൊണ്ടുവരാനുമാവശ്യമായ വ്യക്തിത്വവികാസവും സവിശേഷനേതൃത്വശേഷിയും നേടിയ പ്രവർത്തകരുടെ ഒരു നിരതന്നെ ഉണ്ടാകേണ്ടതുണ്ട്. അങ്ങനെയുള്ളവർ സ്വന്തം ജീവിത ഇടങ്ങളിൽ പ്രവർത്തിച്ചുതുടങ്ങിയാൽ, മാനസികമായി താനെത്തിനിൽക്കുന്ന ആ പുതിയ ലോകത്തിലേക്കു പദംവയ്ക്കാനാകും എന്നോർമ്മിപ്പിക്കുകയാണ്, പങ്കജാക്ഷൻസാർ.

**ഫോൺ: 9497088904**

---

# പൊതുവിവരങ്ങൾ

1. **പ്രതിമാസ യോഗങ്ങൾ** :- മുടങ്ങാതെ നടന്നു വരുന്നു. കാക്കാഴത്ത് ഹംസാസാറിന്റെ വീട്ടിലായിരുന്നു ഡിസംബറിലെ യോഗം. ദർശനവും അവിടെ രൂപം കൊണ്ടിട്ടുള്ള ദർശനം റസിഡൻസ് അസോസിയേഷനും നല്ല കൂട്ടായ്മയായി. 50 പേരോളം പങ്കെടുത്ത യോഗത്തിൽ ഹംസാസാർ ഈ കാലഘട്ടത്തിൽ ദർശനത്തിന്റെ പ്രസക്തി എന്ന വിഷയം അവതരിപ്പിച്ചു. എല്ലാവരും സഹകരിച്ച് സന്തോഷമായി ജീവിക്കുവാനുള്ള മാർഗ്ഗരേഖയാണ് ദർശനം ആവിഷ്ക്കരിച്ചിട്ടുള്ളത്. സംഘർഷഭരിതമായ ഈ ലോകം കണ്ട് ആരും നിരാശപ്പെടേണ്ട. ഇരുൾ മാറി പുത്തൻ സൂര്യോദയം ഉണ്ടായേ തീരൂ. അതിനായി നല്ല സ്വപ്നങ്ങൾ കാണൂ. മാനസിക പരിവർത്തനത്തിന് തയ്യാറാകൂ.

മൈത്രീഭാവന വളർത്തിയെടുക്കണം. തുടർന്ന് ജീവിത ചക്രം എന്ന കുറുപ്പുസാറിന്റെ മുഖലേഖനം വായിച്ച് ചർച്ച നടത്തി. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പ്രജിത് കാരിക്കൽ കുറുപ്പു സാറിനെ അനുസ്മരിച്ച് നാടിന്റെ സർവ്വതോമുഖമായ പുരോഗതിക്കായി പ്രയത്നിക്കുമെന്ന് ഉറപ്പു തന്നു. കൂടെയെത്തിയ ബി.ഡി.ഒ. വേണുഗോപാൽ പ്ലാസ്റ്റിക്കിന്റെ ദുരന്തങ്ങൾ എന്തെല്ലാമെന്നും അവയെങ്ങനെ പരിഹരക്കാമെന്നും നിർദ്ദേശിച്ചു കൊണ്ട് ഒരു ബോധവത്ക്കരണ ക്ലാസ്സ് നടത്തി. അത് ഈ യോഗത്തിന് ഒരു പുത്തൻ ഉണർവ്വായി. പങ്കെടുത്തവരെല്ലാം അഭിപ്രായങ്ങൾ പങ്കിട്ടു. കുടുംബാംഗങ്ങൾ തയ്യാറാക്കിയ മധുരപലഹാരങ്ങൾ ഇടവേളകളെ സംതൃപ്തമാക്കി. മാനുഷിക ധ്യാനത്തോടെയാണ് യോഗം സമാപിച്ചത്.

2. **ജനുവരി 14** :- രാവിലെ 6 മണിക്ക് അഷറഫ് ഫോൺ ചെയ്തു. ഡോകടറേ ഇന്നെന്താണ് വിശേഷം എന്നറിയാമോ? മിക്കവാറും ചോദ്യങ്ങൾക്ക് എനിക്ക് ഒരുത്തരമേയുള്ളൂ. അറിഞ്ഞുകൂട. ഓഹോ എന്നാലേ ഞങ്ങളുടെ കുറുപ്പുസാറിന്റെ 93-ാം ജന്മദിനമാണിന്ന്. വൈകിട്ട് അങ്ങോട്ട് വരും. അയ്യോ ഞാൻ ഓർത്തില്ല. സ്വാഗതം എന്ന് മറുപടി പറഞ്ഞു. വിവരം ചില സുഹൃത്തുക്കളേയും അറിയിച്ചു. പലരും വൈകിട്ടെത്തി. കുട്ടപ്പൻ സാർ, ഗോപകുമാർ, ഷാജി, അഷറഫ്, ഗിരിജൻ, ഹംസാസാർ, സാംജോസ് സുഹൃത്തുക്കളായ ശ്രീകുമാർ, ഹെഡ്മാസ്റ്ററായിരുന്ന ജമാൽസാർ എന്നിവരുമായാണ് എത്തിയത്. കുറച്ച് പഴങ്ങളും കൊണ്ടു വന്നു. കുട്ടപ്പൻ സാർ അച്ഛന്റെ ജീവചരിത്രാംശം കലർന്ന ഒരു സന്ദേശം നൽകിയത് വളരെ ഹൃദ്യമായിരുന്നു (ഒരു വാഹനാപകടത്തെ തുടർന്ന് കുട്ടപ്പൻസാർ ഗുരുതരാവസ്ഥയിൽ സഹകരണ ആശുപത്രി യിൽ ചികിത്സയിലാണ്. ദർശനത്തിന്റെ പ്രാർത്ഥന അദ്ദേഹ ത്തോടൊപ്പം എപ്പോഴും ഉണ്ട്). ദർശനം മുഖലേഖനം ഗോപകുമാർ വായിച്ചു. സ്വസ്ഥ ജീവിതത്തിനുള്ള മാർഗ്ഗരേഖ ഓരോ ദർശനത്തിലുമുണ്ട്. ആദ്യം മനഃസ്ഥിതി മാറുവാൻ വിശ്വമൈത്രീദീപം കെടാതെ സൂക്ഷിക്കുക. കഴിഞ്ഞ ദിവസം

തിരവനന്തപുരത്തു നിന്നും പ്രിയദാസും, ജസിയും വന്നിരുന്നു. അവർ ഒരു യാത്രക്കിടയിൽ ഇവിടെ എത്തിയതാണ്. ഒന്ന് കഞ്ഞിപ്പാടത്ത് പോകണം, കുറുപ്പു സാറിനെ ഒന്ന് കാണണം എന്ന് പറഞ്ഞു. അച്ഛന്റെ അന്ത്യവിശ്രമസ്ഥലം കണ്ട് സ്മരണാഞ്ജലി അർപ്പിച്ചു. രമ ലഘുഭക്ഷണം നൽകി. പ്രിയദാസ് പറഞ്ഞു വീട് നന്നായി ഒന്ന് പുതുക്കി വെച്ചിട്ടുള്ളതല്ലാതെ ഇവിടെ ഒരു മാറ്റവുമില്ല. കുറുപ്പുസാറിന്റെ സാന്നിദ്ധ്യം ഞങ്ങൾക്കനുഭവപ്പെടുന്നു. സാറിന്റെ സന്ദേശവും നിലനിൽക്കുന്നു. എന്താണാ സന്ദേശം? **ഓരോരുത്തരും സമുദായ ജീവിതത്തിൽ നിന്നും സമൂഹജീവിതത്തിലേയ്ക്ക് വരണം. വിശാലമായ സമൂഹബോധ ജീവിതം പശ്ചാത്തലമായി സ്വീകരിക്കപ്പെട്ടാൽ ഭാഷ, പ്രദേശം, വിശ്വാസം തുടങ്ങിയ ഏതിൽപ്പെടുന്നതും സ്വസ്ഥ ജീവിതത്തിന് തടസ്സമാവില്ല. മെക്ക മുസ്ലീങ്ങളുടേയും, കാശി ഹിന്ദുക്കളുടേയും തന്നെ ആയിക്കൊള്ളട്ടെ, ലങ്ക സിംഹളരുടേയും ആയിക്കൊള്ളട്ടെ. മനുഷ്യർ പരസ്പരം വേണ്ടപ്പെട്ടവരാണെന്ന ബോധം പ്രകാശിക്കുന്നുവെന്നു വന്നാൽ എല്ലായിടത്തും, എല്ലാവർക്കും യഥേഷ്ടം പ്രവേശിക്കാം. വേർതിരിവ് ഇല്ലാതാകും. തടസ്സങ്ങൾ നീങ്ങും. തടസ്സങ്ങൾ നീങ്ങിയാൽ ഗുണങ്ങൾ പ്രകാശിക്കുവാൻ തുടങ്ങും. ഗുണവികാസം സംഭവിക്കുവാൻ തുടങ്ങിയാൽ ബാബറി മസ്ജിദ് നവീകരിച്ച് നിലനിർത്തുവാനും, പുതിയ ശ്രീരാമക്ഷേത്രം വിശ്വഹിന്ദുപരിഷത്ത് ആഗ്രഹിക്കുന്നതു പോലെ പണിതുയർത്തുവാനും സർവ്വാനുകൂലതയോടെ സന്തോഷമായി ആർക്കും കർസേവ ചെയ്യാം. ഈശ്വര വിശ്വാസത്തിന്റെ ഉത്തമ മാതൃകകൾ ആവും. അവ. ഗുണവികാസം സംഭവിക്കാതെ സങ്കുചിത മനസ്സോടെ മസ്ജിദ് നിലനിർത്തിയാലും ക്ഷേത്രം പണിതുയർത്തിയാലും നാം ആഗ്രഹിക്കുന്ന ഈശ്വരാനുഗ്രഹം ഉണ്ടാവാനിടയില്ല. എന്തിനു നാം ഈ നഷ്ടക്കച്ചവടം നടത്തണം. നമ്മുടെ ഭരണകൂടങ്ങളും, വിദ്യാലയങ്ങളും, ആരാധനാലായങ്ങളും, സമ്പദ് സംവിധാനങ്ങളുമെല്ലാം ഇന്ന് ഈ നഷ്ടവ്യാപാരത്തിലാണുള്ളത്. അവ**

**ഒന്നും ഇന്നത്തെ നിലയിൽ നാം വീണുപോയ ചെളിക്കുണ്ടിൽ നിന്ന് രക്ഷപെടുത്താനിടയില്ല. ഇവിടെയാണ് ബഹുജനങ്ങൾ ഒന്നിച്ച് രക്ഷപ്പെടുവാനുള്ള ശ്രമത്തിന്റെ പ്രസക്തി. മനുഷ്യന്റെ രക്ഷ, ഭൂമിയുടെ രക്ഷ അതിൽ കുറഞ്ഞ രക്ഷയെപ്പറ്റി ഇനി ചിന്തിച്ചിട്ടു കാര്യമില്ല.**

3. **കാളിന്ദി** :- കാക്കാഴത്ത് സ്കൂളുകളുടെ മദ്ധ്യത്തിലൂടെ കിഴക്കോട്ടൊഴുകി കഞ്ഞിപ്പാടത്ത് പൂക്കൈതയാറ്റിൽ പതിക്കുന്ന ഈ തോടിന് ഇപ്പോൾ ചേരുന്ന പേരാണ് കാളിന്ദി. സ്കൂളും ഇരു കരകളും ദുർഗന്ധപൂരിതമാക്കി രോഗങ്ങൾ വിതച്ച് പാടങ്ങളും, നദിയും മലിനമാക്കുന്ന തോട് പക്ഷേ ഒരു കുറ്റവും ചെയ്തിട്ടില്ല. പണ്ട് സ്കൂൾ കുട്ടികൾ കുടിക്കാൻ വരെ ഉപയോഗിച്ചിട്ടുള്ള വെള്ളം ഈ വിധത്തിലാക്കിയതിൽ നമ്മളും പങ്കാളികളാണ്. ഇപ്പോൾ തോടിന്റെ ശുചീകരണത്തിനായി കഞ്ഞിപ്പാടത്ത് സാമൂഹ്യ രംഗങ്ങളിൽ പ്രവർത്തിക്കുന്ന ദർശനം സാംസ്കാരിക വേദിയും, കാക്കാഴം നിവാസികൾ രൂപം കൊടുത്ത തോട് സംരക്ഷണ സമിതിയും ഉണർന്ന് പ്രവർത്തിക്കുന്നുണ്ട്. നമ്മുടെ മാലിന്യങ്ങൾ ഒരു കാരണവശാലും പൊതു സ്ഥലങ്ങളിൽ നിക്ഷേപിക്കരുത്. ഗവൺമെന്റും ഇത് ചെയ്തുകൂട. ഇന്ന് അത് സംസ്കരിക്കാൻ ആധുനികമായ മാർഗ്ഗങ്ങൾ ഉണ്ട്. നിയമസഹായവും വേണ്ടിവരും റിപ്പബ്ലിക് ദിനത്തിൽ കഞ്ഞിപ്പാടത്തും, കാക്കാഴത്തും നാട്ടുകാർ പൊതുയോഗങ്ങൾ സംഘടിപ്പിച്ചു. ഡോ. പത്മകുമാർ, അഡ്വ. പ്രദീപ് കൂട്ടാല, ജോൺസൺ മാത്യു, പി.കെ. നടേശൻ, ഡോ. ഗോപാലകൃഷ്ണൻ തുടങ്ങിയവർ ശുചീകരണ മാർഗ്ഗങ്ങളെക്കുറിച്ച് വിശദീകരിച്ചു. പരിസ്ഥിതിയുടെ തകർച്ചയെക്കുറിച്ച് വിശദീകരിക്കുന്ന "ഇനി വരുന്നൊരു തലമുറയ്ക്ക് ഇവിടെ വാസം സാദ്ധ്യമോ" എന്ന ഗാനം വാണി വി. കുമാർ ആലപിച്ചു. പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത് കഞ്ഞിപ്പാടം നിവാസിയും, ജില്ലാ ജഡ്ജിയുമായിരുന്ന റ്റി.കെ. മധുവാണ്. പരസ്പരം കുറ്റപ്പെടുത്താതെ എല്ലാവരും സഹകരിച്ച് പ്രവർത്തിച്ചാൽ സ്കൂൾ കുട്ടികളടക്കം ആയിരക്കണക്കായ ആളുകളുടെ

ആരോഗ്യം തകർക്കുന്ന ഈ വിപത്തിൽ നിന്നും നമുക്ക് രക്ഷ നേടാം.

4. **സ്വാധീനസ്വാസ്ഥ്യ മഹാവിദ്യ – ആചാര്യ ലക്ഷ്മണ ശർമ്മ** :- കേരളീയരെ പ്രകൃതി ജീവനം പഠിപ്പിച്ച ശ്രീ. സി.ആർ.ആർ വർമ്മയുടെ ഗുരുവായിരുന്നു സ്വാമിനാഥൻ. അദ്ദേഹത്തിന്റെ ഗുരു ശ്രീ. രമണ മഹർഷിയുടെ ശിഷ്യനായിരുന്ന ആചാര്യ ലക്ഷ്മണ ശർമ്മയും, ഗുരുശിഷ്യ യൂണിവേഴ്സിറ്റി. ലക്ഷ്മണ ശർമ്മാജിയുടെ (1879–1965) ഈ പുസ്തകം നമ്മുടെ ശിവശങ്കരൻ സാർ മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. ശരീരമനസ്സുകൾ സ്വാധീനത്തിൽ വരുത്തുവാൻ കഴിയുന്നതാണ് ഒരു വ്യക്തിയുടെ ആത്യന്തിക വിജയം. അതിന് സഹായകരമായ ഈ കൃതി ഏവരും വായിച്ചിരിക്കേണ്ടതാണ്. പാലക്കാട് ശിവാനന്ദ ആശ്രമമാണ് ഇത് പ്രസിദ്ധീകരിച്ചിരിക്കുന്നത് (0491–2555478) ഈ പുസ്തകം (100 രൂപ) ഇവിടെയും ലഭ്യമാണ്.

5. **വിശ്വബന്ധുത്വ മഹോത്സവം** :- ആലപ്പുഴ ബീച്ചിൽ 2016 മാർച്ച് 27 ഞായറാഴ്ച വൈകുന്നേരം 4 മണി മുതൽ. പ്രിയ ബന്ധുജനങ്ങളെ ഭൂമി ഒരു കുടുംബമാണ് എന്നത് ഭാരതം ലോകത്തിന് നൽകിയ സന്ദേശമാണ്. നമ്മുടെ അച്ഛനമ്മമാർ മാതൃഭൂമി, മാതൃഭാഷ, മതവിശ്വാസം, സംസ്കാരം തുടങ്ങി സർവ്വതും ഭിന്നമാണ്. എന്നാൽ ബാഹ്യമായി കാണുന്ന ശരീരമല്ല മനുഷ്യൻ യഥാർത്ഥത്തിൽ ഓരോ മനുഷ്യരും അനശ്വരമായ ആത്മാവാണ്. ദൈവത്തിന്റെ കൺമുന്നിൽ ഹിന്ദു, മുസ്ലിം, ക്രസ്ത്യാനി, പണ്ഡിതൻ-പാമരൻ, ധനവാൻ-ദരിദ്രൻ തുടങ്ങിയ വ്യത്യാസങ്ങൾ ഒന്നുമില്ല. അജ്ഞാനത്താൽ നാം ഇത് തിരിച്ചറിയുന്നില്ല. ആ ബോധ പ്രകാശനത്തിനായി രാജയോഗിനി ബ്രഹ്മകുമാരി ഉഷാബഹൻജി ഈ യോഗത്തിൽ ദിവ്യ സന്ദേശം നൽകുന്നു ഏവർക്കും സ്വാഗതം.

6. **എങ്ങോട്ടാണ് പോകുന്നത്** :- മനുഷ്യനും, മീഡയകളും എന്തെങ്കിലും അശുഭകരങ്ങളായ വാർത്തകൾക്ക് പിന്നാലെ

പോകുന്ന ദയനീയമായ കാഴ്ചയാണ് ഇപ്പോൾ കാണുന്നത്. മറ്റുള്ളവരുടെ ദുഖത്തിൽ സന്തോഷിക്കുന്ന ഒരു ജീവി വർഗ്ഗമായി മനുഷ്യൻ അധഃപതിച്ചിരിക്കുന്നു. ധർമ്മിഷ്ഠരായവരുടെ വാക്കുകളേക്കാൾ എത്രയോ പ്രാധാന്യത്തോടെ കുറ്റവാളികളുടെ വാക്കുകളെ ജനം ശ്രദ്ധിക്കുന്നു. നേതാക്കന്മാരുടെ വാക്പോരുകൾ കൊണ്ട് നിറയുന്ന പത്രത്താളുകൾ നമ്മുടെ സുപ്രഭാതങ്ങളെ വികൃതമാക്കുന്നു. ഇത് പുതിയ തലമുറയുടെ പ്രതീക്ഷ നഷ്ടപ്പെടുത്തി സാംസ്കാരിക അധഃപതനത്തിന് ഇടയാക്കുന്നു. കണ്ണിന്റേയും, മീഡിയ ക്യാമറകളുടേയും ദിശ ഒന്ന് മാറേണ്ടതാണ്. കൃഷി, ശാസ്ത്ര സാങ്കേതിക രംഗങ്ങളിലെ വളർച്ച ആഗോള മാറ്റങ്ങൾ ലോക പ്രശ്നങ്ങൾ, അവയുടെ പരിഹാരങ്ങൾ എന്നിവ ജനങ്ങളിലെത്തിച്ചു കൊടുക്കുകയല്ലേ പത്ര ധർമ്മം. വായനക്കാർക്കും ഇതല്ലാതെ മറ്റെന്താണ് ഗുണം ചെയ്യുന്നത്.

### 7. ശ്രീ.ജോൺ പൂക്കായിയുടെ പുതുവത്സര സന്ദേശം

കോഴയും നായയും
മറവിയിലെറിയപ്പെടും...
മതവും ജാതിയും
കലിതുള്ളുന്നതും
ജലവും വായുവും
കലാപങ്ങൾ തീർക്കുന്നതും
ദുഃസ്വപ്നങ്ങൾ കാണുമ്പോൾ
ഞാൻ ഭയക്കുന്നു
എങ്കിലും
വിദ്വേഷങ്ങളും കലാപങ്ങളുമില്ലാത്ത
ഒരു നല്ല നാളേയ്ക്കായി
പ്രാർത്ഥിക്കാം

**ജോൺ പൂക്കായി**
ഫെഡറൽ ബാങ്ക്, ബ്രാഞ്ച് വണ്ടാനം
9995555736

സത്യം — അഹിംസ

## പുല്ലുമേടു വഴി ഒരു ശബരിമല യാത്ര

ജനുവരി 3 രാവിലെ 6.50–നുള്ള കുമളി വണ്ടിക്ക് ആലപ്പുഴയിൽ നിന്നും ഞങ്ങൾ യാത്ര പുറപ്പെട്ടു. വണ്ടിയിൽ സീറ്റ് കിട്ടി, വണ്ടിപ്പെരിയാറ്റിലേയ്ക്ക് ടിക്കറ്റും എടുത്തു, സന്തോഷം. 10 മിനിറ്റിനകം ഠിം! പുറകിലത്തെ ഒരു ടയർ പഞ്ചറായി, ടയറിലെ കാറ്റും ഞങ്ങളുടെ സന്തോഷവും പോയി. ശബരിമലയ്ക്ക് പോകുകയാണ്, ഞങ്ങൾ ഇറങ്ങണോ എന്താണ് ചെയ്യേണ്ടതെന്ന് ഡ്രൈവറോട് ചോദിച്ചു. ഇപ്പോൾ ശരിയാക്കാം അവിടെ ഇരുന്നോളൂ എന്ന് പറഞ്ഞ് വണ്ടി സ്റ്റാൻഡിൽ കൊണ്ടു പോയി ടയർ മാറ്റി വീണ്ടും ഓട്ടം തുടങ്ങി. 10.30 മണിയോടെ വണ്ടിപ്പെരിയാറെത്തി. സുഹൃത്ത് രതീഷ് ഞങ്ങൾക്കായി ഒരു ജീപ്പ് ഏർപ്പെടുത്തിയിരുന്നു. അതിൽ സത്രത്തിലെത്തി, എസ്.ബി.റ്റി. ജീവനക്കാർ തീർത്ഥാടകർക്ക് നൽകി വരുന്ന മോരും വെള്ളവും കുടിച്ച് മുരുക ക്ഷേത്രത്തിൽ തൊഴുത് വനത്തിലേയ്ക്ക് യാത്ര തിരിച്ചു. പ്രവേശന കവാടത്തിൽ വനം വകുപ്പിന്റെ ചെക്ക് പോസ്റ്റ് ഉണ്ട്. പ്ലാസ്റ്റിക് കിറ്റുകൾ ഉണ്ടെങ്കിൽ അത് മാറ്റി തുണി സഞ്ചികൾ തരും. ഇതിനിടയിൽ ഉദ്യോഗസ്ഥൻ ഒരു ചോദ്യം. നിങ്ങളുടെ കയ്യിൽ ഇരുമുടിക്കെട്ടുണ്ടോ? ഞങ്ങളിൽ ചിലർക്ക് ശബരിമല വേഷം ഇല്ലാതിരുന്നതിനാലാവാം ഈ ചോദ്യം ഉണ്ടായത്. കെട്ടുമുറുക്കിയല്ല ഞങ്ങൾ വന്നത് എന്ന് അറിയിച്ചു. എങ്കിൽ നിങ്ങൾ പമ്പ വഴി പോയാൽ മതി, കാനന പാതയിലൂടെ പോകണമെങ്കിൽ കെട്ട് നിർബന്ധമാണെന്ന് അദ്ദേഹം. ഇത് ആരുടെ കൽപ്പനയാണോ എന്തോ? “കെട്ടുകളായത് കർമ്മം പുരുഷന് കെട്ടുക ളറ്റേ മുക്തി വരൂ ദൃഢം” എന്നൊക്കെ പാടി നോക്കി. തത്വമസിയും പറഞ്ഞു. ഒരു രക്ഷയുമില്ല. ഞങ്ങൾ ഭക്തന്മാരാണെന്നും ഞങ്ങളെ കടത്തി വിടണമെന്നും അപേക്ഷിച്ചു നോക്കി രക്ഷയില്ല. ഒടുവിൽ സതീഷ് ചന്ദ്രനും സുഹൃത്തുക്കളായ സുരേഷ്, സുദർശനൻ എന്നിവർ കോടതി ഉദ്യോഗസ്ഥരാണെന്നും പറഞ്ഞപ്പോൾ ഒന്ന് മയപ്പെട്ടു. അതോടൊപ്പം ഇവിടെത്തന്നെ വൈൽഡ് ലൈഫ് വാർഡനായിരുന്നു ശിവദാസൻ സാറിന്റെ ദർശനവുമായുള്ള ബന്ധവും കൂടി പറഞ്ഞപ്പോൾ പിടിവിട്ടു. സ്വാമിയേ ശരണമയ്യപ്പാ. രണ്ടാമത്തെ വിഘ്നവും കടന്ന് യാത്ര തുടർന്നു. ഇനിയങ്ങോട്ട്

കുത്തനെയുള്ള ഒരു കയറ്റമാണ്. ചോലവനങ്ങളായതിനാൽ വെയിലില്ല. ഞങ്ങൾ 11 പേരുണ്ട്, ബാബു മകൻ മനു, സാംജോസ്, ഗോവിന്ദൻ, സുരേഷ്, സുദർശനൻ മകൻ നവീൻ, ഗിരിജൻ, ബോസ് ചേട്ടൻ, സതീഷ് ചന്ദ്രൻ എല്ലാവരും നല്ല ഉത്സാഹത്തോടെ കയറുന്നതിനിടയിൽ ഗോവിന്ദന് പെട്ടെന്ന് തലചുറ്റൽ ഉണ്ടായി. ഒരു ഷീറ്റെടുത്ത് വിരിച്ച് താഴെക്കിടത്തി. വെള്ളവും പഴവും കൊടുത്തു. കടുത്ത ക്ഷീണം, നടക്കാൻ കഴിയുന്നില്ല എന്ന് പറഞ്ഞു. ഹൃദ്രോഗമാണോ എന്ന് സംശയിച്ചു പോയി. ഇങ്ങനെ ഒരു പ്രതിസന്ധി വനയാത്രക്കിടയിൽ ഇതിനുമുമ്പ് ഉണ്ടായിട്ടില്ല വളരെ വിഷമിച്ചു. ഗിരിജൻ ഗോവിന്ദനുമായി തിരിച്ച് വീട്ടിലേക്ക് പോകുവാൻ വരെ വേദനയോടെ തീരുമാനമായി. കിട്ടാവുന്ന നമ്പരുകളിലൊക്കെ അയ്യപ്പനെ വിളിച്ചു. ഒടുവിൽ കിട്ടി. ഗോവിന്ദൻ ഇന്ന് പ്രഭാതഭക്ഷണം കഴിച്ചിട്ടില്ല, അല്പം ഷുഗറുള്ളയാളാണ്. അതോടൊപ്പം വണ്ടിചൊരുക്കും ഉണ്ടായതാണ് പ്രശ്നം. അതിനുള്ള മരുന്ന് ഭാഗ്യത്തിന് കയ്യിലുണ്ടായിരുന്നു. ദൈവകൃപ മരുന്നിനേക്കാൾ ഫലിച്ചു. ഗോവിന്ദൻ പതുക്കെ എണീറ്റിരുന്നു. നടന്നു നോക്കാം എന്നു പറഞ്ഞു. പിന്നീട് എല്ലാം സുഗമം. "സ്വാമിയേ ശരണയ്യപ്പാ".

അങ്ങനെ മൂന്നാം തിരുമുറിവും കടന്ന് വിശാലമായ പുൽ മേട്ടിലെത്തി. നോക്കെത്താത്ത ദൂരത്ത് സുന്ദരമായ പുൽമേടുകൾ, അവയ്ക്കിടയിലൂടെ ഒറ്റവഴിപ്പാത, ഒരു മരം പോലുമില്ല, പുൽത്ത കിടികൾ മാത്രം. കിഴക്കും പടിഞ്ഞാറും നീലഗിരിയുടെ സഖികൾ, നീലാകാശം തണുത്തകാറ്റ്. സമനിരപ്പിലൂടെ നടന്ന് ഉച്ചയോടെ ഉപ്പുപാറയിലെത്തി. ഭക്ഷണത്തിനുള്ള ഏക ആശ്രയം വനം വകുപ്പിന്റെ ഇവിടെയുള്ള ഭക്ഷണശാലയാണ്. കഞ്ഞിയും, കപ്പയും കഴിച്ചു, ഒന്ന് വിശ്രമിച്ചു. ഇവിടെയാണ് 210 പേരുടെ മരണത്തി നിടയായ പുല്ലുമേട് ദുരന്തം സംഭവിച്ചത്. മകരവിളക്ക് ദർശിച്ച് വീട്ടിൽ പോകാനുള്ള തിരക്കിനിടയിൽ രാത്രി ഒരു ചങ്ങലയിൽ തട്ടി വീണായിരുന്നു ദുരന്തം തുടങ്ങിയത്. അവിടെ ലൈറ്റോ, ആളുകൾക്ക് തിരിച്ച് പോകുവാനുള്ള ക്രമീകരണങ്ങളോ ഉണ്ടായി രുന്നില്ല. വണ്ടിപ്പെരിയാറ്റിൽ നിന്നും വള്ളക്കടവ് വഴി ഇവിടെ വരെയാണ് ജീപ്പിൽ തീർത്ഥാടകർ വന്നു കൊണ്ടിരുന്നത്. ശബരിമല

യാത്രയ്ക്ക് അത് സൗകര്യപ്രദവുമായിരുന്നു. ഒരു ദുരന്തം സംഭവിച്ചപ്പോൾ അതിന്റെ കാരണം കണ്ട് പരിഹരിക്കുന്നതിന് പകരം ആ വഴി തന്നെ അടയ്ക്കുന്നത് എത്ര കഷ്ടമാണ്. ഇപ്പോൾ തീർത്ഥാടകർ ഇരട്ടി ദൂരം സഞ്ചരിക്കണം. ശരണമയ്യപ്പാ.

സഹ്യപർവ്വതത്തിന്റെ അതിമനോഹരമായ കാഴ്ചകളും കണ്ട് ഞങ്ങൾ നടന്നു. അങ്ങ് തെക്ക് ശബരിമല, കിഴക്ക് പൊന്നമ്പലമേട്, വടക്കുമാറി മുല്ലപ്പെരിയാർ ഡാം. പുൽമേടുകൾ പിന്നിട്ട് വനത്തിലേയ്ക്ക് ഊളിയിട്ടിറങ്ങി. ഇനി ശബരിമല വരെ സൂര്യരശ്മി വീഴാത്ത കൊടും വനമാണ്. വനത്തിന്റെ ശാന്തി, താളം, പക്ഷികളുടേയും, മലയണ്ണാൻ, കരിങ്കുരങ്ങ് എന്നിവയുടെ ദർശനവും, ധ്വനിയും മനസ്സിനെ ഈ പ്രകൃതിയുമായി ട്യൂൺ ചെയ്യുന്നു. ഇതെല്ലാം കണ്ട് ഞങ്ങൾ കാട്ടിൽ കുറച്ചു നേരമിരുന്നു. ഒരു തിരക്കും കൂട്ടേണ്ട, ഈ കാടിന്റെ പരിസ്ഥിതിക്ക് ഇണങ്ങുന്ന ഒരു ലേഖനവും വായിച്ചു. പ്രകൃതിയിലെ സകല ചരാചരങ്ങളിലും ഈശ്വര ചൈതന്യം തുടിച്ചു നിൽക്കുന്നു. എല്ലാത്തിന്റേയും ഉണ്മയാണീശ്വരൻ. ഈ പ്രകൃതി ദൈവത്തിന്റെ പ്രകടിത രൂപമാണ്. കാട്, പക്ഷികൾ, മൃഗങ്ങൾ, വൃക്ഷങ്ങൾ, മലകൾ, നദികൾ തുടങ്ങി "ഭഗവന്മയമെന്നോർക്ക സമസ്തം" ഇതിന്റെയെല്ലാം അന്തര്യാമിയായി ഈശ്വരൻ കുടികൊള്ളുന്നതിനാൽ എല്ലാ ആരാധനയും ജഗദീശ്വരനിൽ തന്നെ എത്തുന്നു. ദൈവമില്ലാത്ത ഒരിടവുമില്ല. ഭഗവാൻ പൂർണ്ണനാണ്, സൃഷ്ടിയും പൂർണ്ണമാണ്. അത് കാണാനുള്ള കണ്ണുണ്ടാകണം. സർവ്വ ചരാചരങ്ങളേയും ഈശ്വരന്റെ പ്രതിരൂപമായി കണ്ടാൽ നമ്മുടെ ഹൃദയം വിശാലമാകും, കാരുണ്യവർഷമുണ്ടാകും.

ഒരു ദീപത്തിൽ നിന്ന് എത്ര ദീപം തെളിയിച്ചാലും എല്ലാം പൂർണ്ണമായിത്തന്നെ പ്രകാശിക്കും. വൃക്ഷലതാദികളും, പക്ഷിമൃഗാദികളും ഉൾക്കൊണ്ട ആവാസവ്യവസ്ഥ നിലനിൽക്കുന്നതിനാലാണ് മനുഷ്യന് ഇവിടെ ആരോഗ്യത്തോടെ ജീവിക്കാനാവുന്നത്. സ്വാർത്ഥത മൂത്ത് താത്കാലിക സുഖത്തിന് വേണ്ടി പ്രകൃതിയുടെ സന്തുലിതാവസ്ഥയാണ് ഇന്ന് മനുഷ്യൻ നശിപ്പിക്കുന്നത്. ഇത് അവന്റെ തന്നെ നാശത്തിനിടയാക്കും. പ്രകൃതി സംരക്ഷണവും, ജീവന്റെ സംരക്ഷണവും ഒന്നു തന്നെ. നമുക്ക് മരങ്ങൾ വെച്ചു

പിടിപ്പിക്കാം, പച്ചക്കറികൾ കൃഷി ചെയ്യാം, പറമ്പിൽ പോലും തീയിട രുത്, മനസിലെ ദുർവാസനകൾ അല്ലാതെ ഒന്നും കത്തിച്ചു കളയരുത്.

വായനയ്ക്ക് ശേഷം അൽപ്പസമയം ധ്യാനം. ബോസ്ചേട്ടൻ ഈന്തപ്പഴവും, കപ്പലണ്ടിയും കൊണ്ടു വന്നിട്ടുണ്ട്. ധാരാളം പഴങ്ങളും കരുതിയിട്ടുണ്ട്. ലഘു ഭക്ഷണം കഴിച്ച് ഞങ്ങൾ യാത്ര തുടർന്നു. ഇനി കയറ്റമില്ല. ശബരിമല വരെ വൃക്ഷങ്ങളാൽ ആവരണം ചെയ്യപ്പെട്ട ഒരു തുരങ്കം പോലെയാണ് വഴി. നടന്നും, ഇടയ്ക്ക് വിശ്രമിച്ചും, വിശന്നപ്പോൾ അവലും തേങ്ങയും കഴിച്ചും, കാല് വേദന സഹിച്ചും, സന്ധ്യയോടെ ശബരിമലയിലെത്തി. തങ്കപ്പൻ ചേട്ടൻ ഞങ്ങൾക്കായി ഒരു മുറിയെടുത്തു തന്നു. എല്ലാവരും കുളി കഴിഞ്ഞ് ക്ഷേത്രത്തിൽ പോയി തൊഴുതു. നല്ല തിരക്കുണ്ടെങ്കിലും ഞങ്ങളെ അത് ബാധിച്ചില്ല, കാരണം പതിനെട്ടാം പടി കയറാനും, നെയ്യഭിഷേകം നടത്താനുമൊക്കെയാണ് തിരക്ക്. ഇതൊന്നുമില്ലാത്ത ഞങ്ങൾക്ക് വടക്കേ നടവഴി കയറി സുഖമായി തൊഴാം. ഭക്ഷണം കഴിഞ്ഞ് രാത്രി ശബരിമല ദർശനത്തെകുറിച്ചുള്ള അച്ഛന്റെ ഒരു ലേഖനം വായിച്ചു. അതിൽ സമദർശനത്തെക്കുറിച്ച് വിവരിക്കുന്നു. തിരക്ക് കൂടുതലാണെങ്കിൽ കൂടെയുള്ളവരെ ഇടിച്ച് മാറ്റി തൊഴാൻ പോകേണ്ട. തൊഴുന്നവരെ കണ്ട് തൊഴുതു പോന്നാലും മതി എന്ന് പറഞ്ഞിട്ടുണ്ട്. അയ്യപ്പാ നിന്റകത്ത് ഓം, സ്വാമി നിന്റകത്ത് ഓം. "തത്വമസി" കാലക്രമത്തിൽ അത് "അയ്യപ്പ തിന്തകത്തോം, സ്വാമി തിന്തകത്തോം" എന്ന് ആയിപ്പോയതാണ്. രാത്രി കുറച്ചു നേരം ആഴി നോക്കി നിന്നു. നടയ്ക്കു നേരെ താഴെ അതിശോഭയോടെ ജ്വലിച്ചു നിൽക്കുന്ന ആഴി. സാധനയ്ക്ക് പറ്റിയ അന്തരീക്ഷം. ഇതിലേയ്ക്ക് നെയ്യ്ത്തേങ്ങയിടാൻ ഞങ്ങളുടെ കൈവശമില്ല. എങ്കിലും മനസ്സിലെ പകയും, വിദ്വേഷവും സ്വാർത്ഥ തയും അഗ്നിഭഗവാന് സമർപ്പിച്ചാൽ അയ്യപ്പന് തൃപ്തിയാകും. നമുക്കും സ്വസ്ഥത കിട്ടും.

എന്തെല്ലാം വിഘ്നങ്ങളായിരുന്നു യാത്രാരംഭത്തിൽ ജീവിതത്തിൽ പ്രതിസന്ധികളുണ്ടാവും. ഈശ്വരസ്മരണയോടെ നിർഭയനായി സ്വധർമ്മം ചെയ്തുകൊള്ളുക, വിഘ്നങ്ങൾക്ക് പിന്നെ നിലനിൽപ്പുണ്ടാവില്ല. ആഴി നോക്കി നിന്നാൽ അന്തക്കരണ ശുദ്ധി

യുണ്ടാകും. നിഷേധാത്മക ചിന്തകളെ ശുഭാത്മതകയാക്കി മാറ്റാം. കിട്ടിയതെല്ലാം ഭക്ഷിച്ച് ശുദ്ധിചെയ്ത് അഗ്നി ജ്വാലകൾ ഉയർന്ന് അന്തരീക്ഷത്തിൽ വിലയം പ്രാപിക്കുന്നു. ദുരിതഭാണ്ഡങ്ങളെല്ലാം ഈ അഗ്നിയിലർപ്പിച്ച് വിശ്വമൈത്രീഭാവനയോടെ തിരിച്ച് പോകുവാൻ കഴിഞ്ഞാൽ ധന്യമീ യാത്ര.

വെളുപ്പിനെണീറ്റ് എല്ലാവരും ചുക്കുകാപ്പി കുടിച്ചു. ഒന്നിച്ചിരുന്ന് മാനുഷിക ധ്യാനം നടത്തി. സ്വാമിയേ ശരണമയ്യപ്പാ തൊഴുത് നടയിറങ്ങി. വീണ്ടും വരാം. സ്വാമി അയ്യപ്പൻ റോഡുമാർഗ്ഗം പമ്പയിലെത്തി ബസ്സിൽ ചെങ്ങന്നൂര് വന്ന് ഉച്ചയ്ക്ക് മുമ്പ് ഞങ്ങൾ വീടുകളിലെത്തിച്ചേർന്നു. ശബരിമല ദർശനവും, ഈശ്വര ദർശനവും, മൈത്രീഭാവനയും, പരസ്പരാനന്ദവും ഇതിന്റെയല്ലാം ഉള്ളിൽ എന്താണെന്നറിയാമോ? നമ്മെയെല്ലാം തമ്മിൽ ബന്ധിപ്പിക്കുന്ന ഒരിക്കലും പൊട്ടിക്കൂടാത്ത ആത്മബന്ധത്തിന്റെ സുവർണ്ണ തന്ത്രികളല്ലേ അവിടെയെല്ലാം കാണുന്നത്. മൈത്രീഭാവന എങ്ങും വിടരട്ടെ. ജയ് ജഗത്!

## പ്രശാന്തി നിലയത്തിൽ നിലാവു പരന്നപ്പോൾ

മനുഷ്യ മനസ്സിലെ താമസ്സഭാവത്തെ അകറ്റി അവിടെ ആത്മീയപ്രഭാവത്തിന്റെ പ്രകാശവർഷം നിറയ്ക്കണം എന്ന ഉദ്ദേശ്യത്തോടെ അവതാരപുരുഷനായ ശ്രീ സത്യസായി ബാബ തീർത്ത അത്ഭുത ക്ഷേത്രമാണ് പുട്ടപർത്തിയിലെ പ്രശാന്തി മന്ദിരം. സിമന്റും കല്ലും മനുഷ്യമനസ്സും വൈദ്യുതിയും ചേർത്ത് നടത്തിയ ഒരതിശയനിർമ്മാണ പ്രക്രിയയത്രേ ഈ അത്ഭുതലോകം- പ്രശാന്തി നിലയം !

എന്തെന്തത്ഭുത പ്രതിഭാസങ്ങളാണ് ഈ സന്നിധാനം കാഴ്ച വെയ്ക്കുന്നത്. ഇവിടെ വന്നിരുന്നു മനസ്സ് തുറക്കുന്നവർക്ക് അറിയാൻ കഴിയുന്നത് അവരുടെ മനസ്സിന്റെ നിർദ്ധാരണശേഷിയെ തന്നെയാണ്. ഒരു സാന്ത്വനസ്പർശം പോലെ അതവരെ അനുനയിപ്പിക്കും. മനസ്സിന്റെ കഠോരാവസ്ഥയ്ക്ക് ഒരു മൃദുസ്പർശത്തിന്റെ സുഖദമായ അനുഭവമുണ്ടാകും. താൻ ചിന്തിക്കുന്ന മണ്ഡല

ത്തിന്റെ അവാച്യസുന്ദരമായഅനുഭൂതി ഉണ്ടാകും. ആഗ്രഹിക്കുന്നതെന്തും അടുത്തെത്തുന്ന സവിശേഷ സുഖദമായ അന്തരീക്ഷം പ്രശാന്തി നിലയം പ്രദാനം ചെയ്യുന്നു.

ഇവിടുത്തെ നിലാവിനുപോലും ചന്ദനക്കാറ്റിന്റെ സ്പർശമാണ്. മുല്ലപ്പൂവിന്റെ നിറവും മണവും ഒത്തുവരുന്ന നീലനിലാവിന്റെ സാന്നിദ്ധ്യം നമ്മെ ഒരു ഗന്ധർവ്വ ലോകത്തേക്കുതന്നെ കടത്തികൊണ്ട് പോയേക്കും. കവി അല്ലെങ്കിൽ പോലും നമുക്കുചുറ്റും കാവ്യദേവത ചിലമ്പണിഞ്ഞു നൃത്തമാടും. ചടുലഹൃദയങ്ങൾപോലും ഈ രമ്യഭൂമിയിൽ തരളസുന്ദരമാകും. ശ്രീ സത്യസായിയുടെ അവതാരകഥകൾ ഇവിടെ ഓരോ മണൽത്തരിയും നമ്മോടുപറയും മനുഷ്യമനസ്സിന്റെ പ്രതീകമാണ് ഇവിടുത്തെ ഹൃദയക്ഷേത്രമായ പ്രശാന്തിമന്ദിരം. വിജ്ഞാനത്തിന്റെ വെളിച്ചം കൊണ്ട് ഇവിടെ ഹൃദയക്ഷേത്രം അലങ്കരിക്കപ്പെടുന്നു. ഹൃദയപ്രകാശംകൊണ്ട് അജ്ഞാനമാകുന്ന ഇരുട്ടിനെ അകറ്റി അതിനെ പ്രഭാപൂർണ്ണമാക്കുന്നു. 1949 പണി തീർത്ത പ്രശാന്തിമന്ദിരം, 93 ൽ പുതുക്കിപണിതു. രാവിലെ തുടങ്ങുന്ന ഭജന, ആദ്ധ്യാത്മിക പ്രഭാഷണങ്ങൾ എന്നിവ സദാ പ്രശാന്തിനിലയത്തെ ഉണർവ്വേകി നിർത്തുന്നു.

മനുഷ്യ ചോദനയെ ഉദ്ദീപിപ്പിക്കുന്ന അത്ഭുതലോകമാണ് പുട്ടപർത്തിയിലെ പ്രശാന്തിനിലയം. ഇന്ന് 2016 ജനുവരിയിലെ പൂർണ്ണചന്ദ്രോദയദിനം. ഇവിടെ വന്നുപോകുന്ന ജിജ്ഞാസുക്കൾ എത്രയെത്ര. എന്നും ഈ അത്ഭുതലോകം കണ്ടുനിൽക്കുവാൻ കൊതിച്ചെത്തുന്നവരെത്രയോ ജനങ്ങൾ. ഇത് ദൈവത്തിന്റെ സ്വന്തം ഭൂമി. അദ്ദേഹത്തിന്റെ ചിന്മുദ്രപതിഞ്ഞ സുന്ദരഭൂമി. ഇവിടെ നാം കാണുന്നത് പ്രശോഭനമായ പ്രശാന്തിനിലയം. അസ്തമനമില്ലാത്ത ശാന്തിതീരം. ലോകത്തിന്റെ നാനാഭാഗത്തുനിന്നുവരുന്നവരും ഇവിടെ ഉണ്ട്. അവർക്ക് ഭാഷയോ ദേശമോ അതിരുകളോ ഒന്നുമില്ല. കറുത്തവർ, വെളുത്തവർ എല്ലാം അതിലുണ്ട്. 'ഈശാവാസ്യംമിദം സർവ്വം' എന്നുണ്ടല്ലോ. പുട്ടപർത്തിയിൽ എല്ലാ നന്മകളും വെൺനിലാവുപൊഴിക്കുന്നു. ആ നിലാവിൽ നാം ഇരിക്കു

മ്പോൾ നമ്മുടെ മുന്നിലൂടെ ലോകം ഒഴികി നടക്കുന്നതായി നമുക്കനുഭവപ്പെടും. അവിടെ ഇന്ത്യക്കാർ മാത്രമല്ല ഏഷ്യ യൂറോപ്പ് ആസ്ട്രേലിയ, ആഫ്രിക്ക, അറേബ്യ തുടങ്ങിയ എല്ലാഭുഖണ്ഡങ്ങളിലെയും ജനതഉണ്ട് എല്ലാഭാഷകളും സംസാരിച്ചുകൊണ്ട് നമ്മുക്കുമുന്നിലൂടെ വിശ്വാവലോകനം നടത്തിനീങ്ങുന്ന സഹോദരന്മാർ. അവർക്കെല്ലാം തന്നെ പുട്ടപർത്തിയിൽ പ്രത്യേകം പ്രത്യേകം ആരാധനാലയങ്ങൾ ഉണ്ട്. അവിടെ പ്രാർത്ഥന നടക്കുമ്പോൾ നാമറിയുന്നത് ദൈവീകസാന്നിദ്ധ്യം തന്നെ. പരസ്പരം ആദരിച്ച് പുഞ്ചിരിച്ച് അഭിവാദ്യം ചെയ്യുന്ന വിശ്വകുടുംബം. പരസ്പരം കാണുമ്പോൾ ചെയ്യുന്ന അഭിസംബോധനത്തിൽപ്പോലും ഈശ്വരൻ വലിയവനാണ് എന്ന ധ്വനി ഉണ്ട് 'സായിറാം സായിറാം' ഈ മായാലോകത്തിൽ നമ്മുക്കൊത്തുകൂടുവാൻ എത്രയെത്ര ആഡിറ്റോറിയങ്ങളാണ് എല്ലാം ആത്മനിഷ്ഠാപരം. സ്വാമിയുടെ മനസ്സുപോലെ പ്രകൃതി കനിഞ്ഞനുഗ്രഹിച്ച ഈ സ്ഥലത്തിനരികിലൂടെ ചിത്രാവതിപ്പുഴ കുണുങ്ങിച്ചിരിച്ചൊഴുകുന്നു. അതിന്റെ തീരത്ത് തന്നെയാണ് സ്വാമിയുടെ ജന്മഗൃഹവും കൂട്ടുകാരുമായി ഒത്തുകൂടിയ കല്പവൃക്ഷതണലും അത്ഭുതഗുഹയും. അവയ്ക്കെല്ലാം പറയുവാനെത്രയെത്ര കഥകൾ. ഈ തീരത്തണലിൽ സ്വാമി ആരാധിച്ചിരുന്ന ശിവക്ഷേത്രം. കൂട്ടുകാരുമൊത്തു ആടിപ്പാടിനടന്ന തീരവിഹാരങ്ങൾ.

സായിബാബയുടെ ബാല്യകാല സ്വപ്നങ്ങൾ ഇവിടെ യാഥാർത്ഥ്യം പ്രാപിക്കുകയായിരുന്നു. ശ്രീകൃഷ്ണന്റെ ബാല്യകാലത്തെ അനുസ്മരിക്കുന്ന അത്ഭുതപ്രതിഭാസങ്ങൾ അവ നമുക്ക് പ്രദാനം ചെയ്യുന്നതുകാണണമെങ്കിൽ നാം അവിടെ പോവുക തന്നെ വേണം. വലുപ്പചെറുപ്പമില്ലാതെ നാം അവിടെ ഭഗവത് സേവ ചെയ്യുന്നു. ഏതുജോലിയും ചെയ്യാൻ ഇവിടെ മനസ്സ് നമ്മെ പ്രേരിപ്പിക്കും. അതിന് ഉച്ചനീചത്വങ്ങൾ ഒന്നും തന്നെ ഇല്ല ഇന്ത്യയിലെ പ്രശസ്ത വ്യക്തികളെല്ലാംതന്നെ ഇവിടെ ശ്രമദാനം ചെയ്തിട്ടുണ്ട്. തോളോടുതോൾ ചേർന്നുനിന്നു അവർ നടന്ന വഴികളും ചെയ്തുതീർത്തജോലികളും കാണണമെങ്കിൽ നാം സായിഗ്രാമം സന്ദർശിക്കണം. ആധുനികരീതിയിലുള്ള എത്രയെത്രരമ്യഹർമ്മ്യങ്ങൾ. കേരളമുൾപ്പടെയുള്ള പ്രദേശങ്ങളിൽ നിന്നുവന്ന പ്രതിഭാധ

ന്മാർ ഐ.എ.എസ്, ഐ.പി.എസ് ഉദ്ധ്യോഗസ്ഥന്മാർ ഇവിടെ കർ സേവ അനുഷ്ടിച്ചുമടങ്ങിയിരിക്കുന്നു. കപ്പൽരാജാക്കന്മാരും കോടീ ശ്വരന്മാരും അർച്ചനകളുമായി അറിഞ്ഞുകേട്ടുവന്നിരിക്കുന്നു. അവർ സായിസന്നിധിയിൽ കാഴ്ചവെച്ച ദ്രവ്യങ്ങൾ കൊണ്ടാണ് ഈ തീർത്ഥാടനകേന്ദ്രങ്ങൾ രൂപപ്പെട്ടുവന്നത്.

നാം നമുക്കുള്ളതെന്തും സമർപ്പിച്ചുപോകുന്ന ദിവ്യാന്തരീഷം ഈ ഗ്രാമങ്ങൾ നടന്നുകാണുവാൻ ഒരു ദിവസമോ ആഴ്ച്ചകൾ തന്നെയോ മതിയാവില്ല. വന്നവഴിയറിയാതെ വീണ്ടും നാം നടന്നു പോകും, കുചേലൻ തന്റെ ഗ്രാമത്തെ അറിയാതെ ഭഗവദ്ദാനം കണ്ടു മയങ്ങി നടന്നതുപോലെ ആത്മസമർപ്പണമുള്ളവർക്ക് അത് സുസാ ദ്ധ്യമാണ്.

'ആഹന്ത കൃഷ്ണ മമ ഭാര്യതാനോ

ഗേഹത്തിൽ നിന്നാശുമുദാവരുന്നു'

എന്ന അവസ്ഥയിൽ കുചേലനെ കൊണ്ടുചെന്നെത്തിച്ചത് ഈ സമർപ്പണ ശീലിന്റെ ഫലംകൊണ്ടുകൂടെയാണല്ലോ. ഈശ്വ രൻ ജന്മമെടുക്കുന്നത് സാധാരണക്കാരുടെ ഇടയിലാണല്ലോ. അതി നുദാഹരണമാണ് ആന്ധ്രാപ്രദേശിലെ പുട്ടപർത്തിഗ്രാമം. ആ ഗ്രാമ ത്തിൽ ജനിച്ചുവളർന്നവർക്കെല്ലാം സായിബാബയെപറ്റി ഓരോ കഥകൾ പറയാനുണ്ട്. അവ നിത്യാനന്ദമാണ്. സായിചിത്രം അലങ്ക രിക്കാത്ത ഒരുസ്ഥാപനമോ വീടോ, കലാലയങ്ങളോ ഒന്നും തന്നെ പുട്ടപർത്തിയിലുണ്ടാവില്ല.

ജന്മാഷ്ടമിക്കും കാർത്തിക നാളിലും ഉണർന്ന്തെളിയുന്ന പ്രഭാങ്കുരങ്ങൾ ആ കഥകൾ നമ്മോടു പറയും. രാത്രി ഏഴുമണി യോടെ എല്ലാവരും ചേക്കേറിയപ്പോൾ പ്രശാന്തിനിലയത്തിലെ ശാന്തിതീരങ്ങളിൽ മനസ്സലയുകയായിരുന്നു. എന്റെ കൂടെ എന്നും യാത്രകൾക്കൊരുങ്ങിവന്നിരുന്ന എന്റെ പ്രിയതമയുടെ ഓർമ്മകൾ ഇവിടെ പ്രശാന്തിനിലയത്തിനുമുന്നിലെ നിഴലിൽ ഒളിച്ചുനിന്നു. നിഴലും നിലാവും ഒന്നിച്ചൊഴികിയപ്പോൾ എന്റെ പ്രിയതമ പാടിയ ചില ഗാനങ്ങൾ അടുത്തുകൂടി ഒഴുകി അകലുന്നതുപോലെ എനി

ക്കുതോന്നി. ഈശ്വരാ കാച്ചെണ്ണ തേച്ച അവരുടെ തലമുടിയുടെ സുഗന്ധംപോലും ഇവിടെ എന്നെ തഴുകി ഒഴുകുന്നു.

സായിറാം! ഞാൻ സ്വപ്നം കാണുകയാണോ. എനിക്കറിയാം ഇപ്പോൾ ഈ നിലാവിൽ ഒരു നീലവെളിച്ചമായി അവരില്ലേ നമ്മുടെ പ്രിയജനങ്ങൾ ഇവിടെ ഈ നിലാവെളിച്ചത്തിൽ പുനർജനിക്കുന്നുവോ നമ്മുടെ ജീവിതവസന്തം ഒരാവർത്തികൂടി ജന്മമെടുക്കുന്നുവോ. പ്രിയരാഗിണീ ഇവിടെ നിങ്ങൾ നിശ്ചയമായും എന്നരികിൽ തന്നെയുണ്ട്. നിങ്ങൾക്കാഗ്രഹമുണ്ടായിരുന്നു ഇവിടെ എനിക്കൊപ്പം വരാൻ. അന്നെനിക്കതിനുകഴിഞ്ഞിരുന്നില്ല. ഇന്ന് ഇവിടെ ഈ പ്രശാന്തിനിലയത്തിൽ വന്നിരിക്കുമ്പോൾ ഈ നിലാവൊഴുകുന്ന സന്ധ്യയിൽ നിങ്ങൾ എനിക്കരികിൽ ഊഷ്മളഭാവമായി എത്തുന്നു.

'പൂചൂടിയെത്തിയ വസന്തവൈശാഖമേ
പൂത്തുവോ നിന്റെ കിനാക്കളെല്ലാം'

ഇന്ന് കാലശേഷമെങ്കിലും നിങ്ങൾക്കതിനുകഴിഞ്ഞിരിക്കുന്നു. ഈ നിലാവിൽ പരക്കുന്നത് സായി കൃപ എന്ന പുഞ്ചിരി തന്നെയാണ് വിട്ടുപോയ അഭിലാഷങ്ങൾ ഈ തീരത്ത് വിടർന്നുവിലസുന്നതു സായിചിന്തകൊണ്ടുതന്നെയാണല്ലോ. ഇത് തീർച്ചയായും നമ്മെ അഭിരമിപ്പിക്കുന്നു. അതിനുപര്യാപ്തമാകുകയാണ് ഈ പുണ്യഭൂമിയും അതിലെ ഐന്ദ്രികനിലാവും. വിട്ടുപോയവർ ഈ മനോഹരതീരത്തിൽ നമ്മെ ആശ്വസിപ്പിക്കാനെത്തുന്നു ഈ നിഴൽ വഴികളിൽ.

പ്രശാന്തിനിലയത്തിലെ എന്റെ ഈ അനുഭവങ്ങൾ കേട്ടപ്പോൾ നമ്മുടെ കൊച്ചുമക്കൾ പോലും ഇന്നവിടം കാണുവാൻ ആഗ്രഹിക്കുന്നു. അവിടെ അങ്ങിനെയെങ്കിലും നിങ്ങളേയും കാണുവാൻ കഴിഞ്ഞുവെങ്കിൽ. ആ നിലാവിൽ പ്രശാന്തിനിലയത്തിൽ നിങ്ങൾ ഒരിക്കൽക്കൂടെ വരുമല്ലോ. അവിടെ സ്വാമിയുടെ പുഞ്ചിരി നിലാവുപോലെ നമ്മെ കാത്തിരിക്കുന്നുണ്ടാവും !

**ചന്ദ്രൻ പുറക്കാട്**

**സത്യം** **അഹിംസ**

# ദർശനം മാസിക

വില : 3/-

No. R. No. 24812 / 73



EDITOR : DARSANAM, NEERKUNNAM, ALAPPUZHA, KERALAM-688 005.
Phone : 0477 2282377, E-mail : darsanamkanjippadom@gmail.com


To

**മടിശ്ശീല :-** കഞ്ഞിപ്പാടത്ത് നിന്നും അനിരുദ്ധൻ സാർ, ഗൗരി മന്ദിരം - 200, രാജമ്മ ചേച്ചി, മാവേലിത്തറ - 200/, സോമചേട്ടൻ, സോമപുരം - 500/.
നീർക്കുന്നം :- ഷാഹുൽ, കണ്ണാംകര, രാജേഷ്, കളപ്പുരയ്ക്കൽ, ഡോ. വേണുഗോപാൽ, പുരുഷോത്തമ കൈമൾ 500/ വീതം.
അമ്പലപ്പുഴ :- എ.ജി. തമ്പാൻ, കൃഷ്ണൻകുട്ടി നായർ, നാരായണ അയ്യർ, കെ.എം. പണിക്കർ 100/ രൂപ വീതം.
ജി.കെ. വാര്യർ-500/, ഗിരിജാദേവി തിരുവനന്തപുരം - 1000/, സാംജോസ് - 500/, പൊന്നമ്മസാർ & കമലമ്മച്ചേച്ചി പുന്നപ്ര-200, ഡോ.ചന്ദ്രമതി-500, സുഭാഷ്ബാബു-100, പേര് ചേർക്കേണ്ടതില്ല എന്നു പറഞ്ഞ് 1500/. ജയ് ജഗത്.

എല്ലാവർക്കും ദർശനത്തിന്റെ
**പുതുവർഷാശംസകൾ.**

**നാം മറന്നുപോയ മതത്തിന്റെ ഭാഷ കാരുണ്യത്തിന്റെ ഭാഷയാണ്. പരസ്പരം സ്നേഹിക്കുവാനും ക്ഷമിക്കുവാനും സഹിക്കുവാനും കാരുണ്യപൂർവ്വം പെരുമാറുവാനും പഠിപ്പിക്കുന്ന ജീവിത രഹസ്യമാണ് മതം.**


Edited, Printed & Published by : Dr.P.Radhakrishnan
Telephone : 0477 2282377, 9496158249

Founder Editor : D.Pankajaksha Kurup
at Chaithanya Offset Printers, Punnapra. Phone : 9895505306